


അൻവർ അബൂബക്കർ

നേരിലേക്കൊരു നന്മയുടെ നോട്ടം എന്ന അവകാശവാദവുമായി 2013 ഫെബ്രുവരി പത്തു മുതൽ മലയാളിയുടെ ദൃശ്യപഥത്തിലേക്ക് ഒരു ചാനൽ കൂടി പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. മീഡിയവൺ. ചാനലിന്റെ പിതൃത്വം കേരള ജമാഅത്തെ ഇസ്‌ലാമിക്കാണെങ്കിലും, അതിന്റെ പ്രയോക്താക്കൾ സാധുക്കളായ മുസ്‌ലിം സമുദായമാണ്. സത്പ്രവർത്തി മുഖേന ലഭിക്കാനിരിക്കുന്ന സ്വർഗപ്രാപ്തി ലക്ഷ്യംവെച്ച വിശ്വാസികളുടെ സമ്പത്ത് ഓഹരിയായി പിരിച്ചെടുത്ത് നിർമ്മിച്ച ഈ ചാനലിന്റെ മുദ്രാവാക്യം "മീഡിയ വൺ; നേര്. നന്മ" എന്നതാണ്. ആയതിനാൽ അതിന്റെ തുടക്കംതന്നെ തികച്ചും വഞ്ചനാപരം എന്ന് വിശേഷിപ്പിക്കാതിരിക്കാൻ നിർവ്വാഹമില്ല. നന്മയും തിന്മയും ജനങ്ങൾക്ക് അറിയിച്ചുകൊടുക്കാനും പ്രായോഗികതലത്തിൽ കാണിച്ചുകൊടുക്കാനും വേണ്ടിയാണ് അല്ലാഹു പ്രവാചകൻമാരെ നിയോഗിച്ചത്. അവർ ലോകത്തിന് കാണിച്ചുകൊടുത്ത ഏതെങ്കിലും ഒരു നന്മ, പൊതുസമൂഹത്തിന് തിന്മയായി ഭവിച്ചിട്ടില്ല. അതുപോലെ തന്നെ മനുഷ്യൻ വർജ്ജിക്കേണ്ട തിന്മയായി പരിചയപ്പെടുത്തിയ ഒരു കാര്യം മനുഷ്യന് നന്മയും അനിവാര്യവുമാണ് എന്ന് തെളിയിക്കാൻ കഴിഞ്ഞിട്ടുമില്ല; ഇത് ലോകാവസാനം വരെ അങ്ങനെതന്നെ. കാരണം, മനുഷ്യനെ സൃഷ്ടിച്ച് പരിപാലിക്കുന്നവൻ തന്നെയാണ് ഈ നന്മ-തിന്മകളുടെ അതിർ വരമ്പുകൾ നിശ്ചയിച്ചു തന്നിരിക്കുന്നത്. ഈ നിലക്ക് അതിന്റെ സ്വീകാര്യതയെകുറിച്ച് വിശ്വാസികൾക്കിടയിൽ ആശങ്കക്ക് യാതൊരു വകയുമില്ല. വസ്തുത ഇതായിരിക്കെ നന്മയുടെയും തിന്മയുടെയും വിഷയത്തിൽ ശരീഅത്ത് നിശ്ചയിച്ച ഒരു കാര്യവും ഭേദഗതി വരുത്താൻ ആർക്കും അവകാശമില്ല. അങ്ങനെ ചെയ്യുന്നത് ഇസ്‌ലാമിക വീക്ഷണത്തിൽ കുറ്റകരമാണ്, തിരുത്തപ്പെടേണ്ടതുമാണ്. കേരളത്തിൽ 'മത'പ്രബോധനം നിർവ്വഹിക്കാറുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ പുതിയ ചാനലും അതിന്റെ മുദ്രാവാക്യവും കാര്യപരിപാടികളും നടെസൂചിപ്പിച്ച അവസ്ഥകൾ പരിഗണിച്ചുകൊണ്ട് നേര് തന്നെയാണോ, നന്മയിൽ അധിഷ്ഠിതമാണോ എന്നൊക്കെ പരിശോധിക്കുന്നത് ഏതുനിലക്കും നീതിയുക്തമായിരിക്കും.

മീഡിയവൺ ചാനലിന്റെ കാൽവെപ്പ് മാധ്യമം ദിനപത്രത്തിൽ നിന്നാണ്. ദിനപത്രമാകട്ടെ പ്രബോധനം എന്ന മാസികയിൽ നിന്നും. എപ്പോഴാണ് ഈ പ്രബോധനം ഒരു ദിനപത്രമായി ഇറങ്ങുക എന്ന ഒരു ചോദ്യത്തിന് ആ പംക്തി കൈകാര്യം ചെയ്തിരുന്ന മുജീബിന്റെ മറുപടി ഇപ്രകാരമായിരുന്നു: "'പ്രബോധനം' ദിനപത്രമാക്കാൻ ആലോചനയില്ല. ഇസ്‌ലാമിക

പ്രസ്ഥാനത്തിനു കരുത്തേകാൻ കെൽപുള്ള ഒരു ദിനപത്രം വേറെ പ്രസിദ്ധീകരിക്കാൻ ശ്രമങ്ങൾ നടക്കുന്നതായി അറിയാം. പൊതുജനസഹകരണം എത്ര കൂടിയ അളവിൽ ലഭിക്കുമോ അത്രയും വേഗം അത് പുറത്തിറങ്ങും."[1] അങ്ങനെ, 'ഇസ്ലാമിക പ്രസ്ഥാനത്തിന്' കരുത്തേകാൻ ഒരു ദിനപത്രം ഇറക്കണം എന്ന ചർച്ചയുടെ ഭാഗമായി വെളിച്ചംകണ്ട മാധ്യമം 1987 ജൂൺ 1-ലാണ് പ്രസിദ്ധീകരണമാരംഭിക്കുന്നത്. അതൊരു വൻ വിജയമായത് മുതൽ നെയ്തുതുടങ്ങിയതാണത്രെ ഒരു ദൃശ്യമാധ്യമ സ്വപ്നം. ഈ കാര്യം മീഡിയവൺ ചാനലിന്റെ ഉത്ഘാടനത്തോടനുബന്ധിച്ച് മാധ്യമം പുറത്തിറക്കിയ പ്രത്യേക പതിപ്പ് എടുത്തുപറയുന്നുണ്ട്.[2] പക്ഷെ, കുറേ പേർക്ക് മനുഷ്യന്റെ മസ്തിഷ്കത്തിൽ അധിനിവേശം നടത്താൻ, എന്നാൽ വേറെ ചിലർക്ക് അവരുടെ ചപലവികാരങ്ങൾക്ക് തീകൊളുത്താൻ ഏറ്റവും വലിയ ആയുധം ടെലിവിഷൻ സ്ക്രീൻ ആയിരിക്കുന്നു എന്ന തിരിച്ചറിവ് കൂടി മീഡിയവൺ ചാനലിന്റെ പിറവിയുടെ പിന്നിൽ ഉണ്ടെന്ന് അതേ പ്രത്യേക പതിപ്പ് എടുത്തുപറയുമ്പോൾ, ഈ കൂട്ടരുടെ ഗന്ധം ശരിക്കും അനുഭവിച്ചറിഞ്ഞ മുസ്ലിം സമുദായത്തിന് സാധരണയിൽ കവിഞ്ഞ ഒരു തരം ഭീതിയുണ്ട്. അന്തർദേശീയതലത്തിൽ മുസ്ലിം മസ്തിഷ്കത്തിൽ ശരിക്കും ഒരു അധിനിവേശം നടത്തി അവരെ ചോരക്കളത്തിലേക്ക് ഇറക്കാൻ ഇഖ്വാനികൾ കണ്ടുപിടിച്ച 'അൽ ഖനാതുൽ ഊലാ' എന്ന മീഡിയാ ഉപകരണത്തിന്റെ അതേ നാമം തന്നെ കേരളത്തിലേക്ക് ഇക്കൂട്ടർ കടമെടുക്കുമ്പോൾ നന്മ ആഗ്രഹിക്കുന്നവരുടെ ആകുലതകൾ വർദ്ധിക്കുകയാണ്. അതിനിടയിൽ ഒരു അട്ടഹാസംപോലെ നമ്മുടെ കാതുകളിൽ ദാ ഇങ്ങനെ കൂടി കേട്ടാലോ: "പരിധികൾവിട്ട് വിഷം വിളമ്പുന്ന മാധ്യമങ്ങൾക്ക് കൂച്ചുവിലങ്ങിട്ടിരുന്ന മാധ്യമം ആഴ്ചപ്പതിപ്പിലെ മീഡിയാ സ്കാൻ ഇനി ദൃശ്യമാധ്യമരംഗത്തേക്കും. അസത്യം പറയുന്നവരുടെ നാവിൽ ഇനിയൊരു പേടിപ്പെടുത്തുന്ന വാക്യമാകും നാലാംതൂണിലെ ഈ സൂക്ഷ്മദർശിനി എന്ന ന്യൂസ് റിവ്യൂ."[3] (ന്റെ റബ്ബേ…!)

മൂല്യാധിഷ്ടിത മാധ്യമ പ്രവർത്തനമെന്ന ഓമനപ്പേരിൽ സമൂഹത്തിലേക്ക് കടന്നുവന്ന ഇക്കൂട്ടർ നേരും നന്മയും തൊട്ടുതീണ്ടാത്ത എത്രയെത്ര സ്വപ്നവാർത്തകളാണ് ജനമദ്ധ്യത്തിലേക്ക് വലിച്ചിഴച്ചിട്ടുള്ളത്. ഇസലാമിന്റെ പേരിൽ പണിതെടുത്ത ഈ ആയുധങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ അവിടെയൊന്നും ദീനിന്റെ അധ്യാപനങ്ങൾ പാലിക്കാനുള്ള ധാർമികത ഇവർ മിക്കപ്പോഴും കാണിക്കാറില്ല. അല്ലെങ്കിലും മനോവാക്കർമങ്ങളിൽ നീതിപുലർത്തുക എന്നുള്ളത് ഈ അഭിനവ ഇസ്ലാമീങ്ങളുടെ പ്രവർത്തനമേഖല പരിശോധിച്ചാൽ ഇവരിൽ കാണാൻ കഴിയാത്ത ഒന്നാണ്.

കേരള ഇഖ്വാനി ജമാഅത്തുകാരുടെ കയ്യിൽ ഒരു ദിനപത്രം ഇല്ലാതിരുന്ന കാലം, അങ്ങ് കൽക്കട്ടയിൽ നിന്നു പുറപ്പെടുന്ന മൗലാനാ അബുൽ കാലാം ആസാദ് സ്ഥാപിച്ച അൽഹിലാൽ പത്രത്തിന്റെ പേജുകളിൽ ചിത്രങ്ങൾ കൊടുത്തതിനെ പ്രാമാണികമായി വിമർശിക്കാൻ തന്റേടം കാണിച്ച ഒരു സമയം പ്രബോധനത്തിന് കഴിഞ്ഞുപോയിട്ടുണ്ട്.[4] ഒരു വശത്ത് ശരീഅത്തിനെ പിൻതുടരാനും ഖുർആനും സുന്നത്തുമനുസരിച്ച് പ്രവർത്തിക്കുവാനും ആഹ്വാനമുണ്ടായിരിക്കെ മറുവശത്ത്, വർണ്ണോജ്വല ചിത്രങ്ങളുടെ ആൽബം കൊടുക്കുന്നത് എങ്ങനെ എന്ന നിലക്കായിരുന്നു ഇവരുടെ വിമർശനം. പ്രതിമകൾ, ചിത്രങ്ങൾ, ഫോട്ടോകൾ ഇസ്ലാമിൽ അവയുടെ വിധിയെന്ത് എന്ന മൗ. സയ്യിദ് സുലൈമാൻ നദ്വിയുടെ ലേഖനം മൗലാനാ ആസാദിനെയും അൽഹിലാലിനെയും ഇടിച്ചുതാഴ്ത്താൻ പ്രബോധനത്തിലൂടെ വിവർത്തനം ചെയ്ത ഈ കൂട്ടരാണ് ഇന്ന് അർധനഗ്നരായ സ്ത്രീകളുടെ ചിത്രങ്ങൾ പത്രപരസ്യങ്ങളിൽ ഉൾപ്പെടുത്തി അതിന് വർണ്ണപ്പകിട്ട് കൂട്ടാൻ ധൃതി കാണിക്കുന്നത്. പരസ്യത്തിനു വേണ്ടി കലണ്ടറുകളിലും മറ്റും സ്ത്രീകളുടെ ഫോട്ടോകൾ ഉൾപ്പടെ പ്രസിദ്ധ വ്യക്തിത്വങ്ങളുടെയും ദേശീയ വീരന്മാരുടെയും ചിത്രങ്ങൾ ഉപയോഗിക്കുന്നത് ശരിയല്ലെന്ന് ആണയിട്ടവരാണ് ഇന്ന്

---

[1] ചോദ്യോത്തരം മുജീബ്, പ്രബോധനം, 1986 മാർച്ച് 15

[2] 2013 ഫെബ്രുവരി 9, ശനി

[3] മാധ്യമം പ്രത്യേക പതിപ്പ്, 2013 ഫെബ്രുവരി 9, ശനി

[4] പ്രബോധനം വാരിക വാർഷികപ്പതിപ്പ് 1972

ഇത്തരം കവാടങ്ങൾ ചവിട്ടി തുറക്കുന്നത്. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് മൗദൂദി വിശദീകരിച്ച ഭാഗങ്ങൾ മൊഴിമാറ്റം നടത്തുകയും അത് വിൽക്കുകയും ചെയ്യുന്നവരാണ് ഇവരെന്നതും ശ്രദ്ധേയം. അതിലൂടെ സയ്യിദ് മൗദൂദി വ്യക്തമാക്കുകയാണ്: "താങ്കൾ പരസ്യകലണ്ടർ അടിപ്പിക്കുകയാണെങ്കിൽ അത്തരം ചിത്രങ്ങൾ ഒഴിവാക്കുക. താങ്കൾക്ക് സ്വന്തം ആവശ്യത്തിന് കലണ്ടറോ മറ്റോ ഉപയോഗിക്കേണ്ടി വരികയാണെങ്കിൽ ആദ്യമായി ചിത്രമില്ലാത്തത് തെരഞ്ഞെടുക്കുക, അല്ലെങ്കിൽ ചിത്രം മറച്ചുവെക്കുക, അതുമല്ലെങ്കിൽ അതിന്മേലുള്ള ചിത്രം അലങ്കോലപ്പെടുത്തിക്കളയുക. പക്ഷേ, ടിന്ന്, ബോട്ടിൽ, ഉറ എന്നിവയിലെ ചിത്രങ്ങളെ എത്രകണ്ടാണ് താങ്കൾ നീക്കിക്കളയുക! ചിത്രഭ്രമം ബാധിച്ച ആധുനികലോകം യാതൊരു സാധനത്തെയും ചിത്രത്തിൽ നിന്ന് ഒഴിവാക്കി വിടുകയില്ലെന്ന് ശപഥം ചെയ്തിരിക്കയാണ്."[5]

ചിത്ര(ത്ത)ഭ്രമം ബാധിച്ച ആധുനികലോകം എന്ന് മൗദൂദി വിശേഷിപ്പിച്ച ഗണത്തിൽ അംഗത്വമുള്ളവരാണ് വകതിരിവില്ലാത്ത ഇന്നത്തെ കേരള ജമാഅത്തെ ഇഖ്‌വാനികൾ. മീഡിയവൺ ചാനലിന്റെ ഉത്ഘാടനത്തോടനുബന്ധിച്ച് 'ഇസ്‌ലാമിക പ്രസ്ഥാനത്തിനു' കരുത്തേകാൻ കെൽപുമായി പുറത്തിറക്കിയ ദിനപത്രത്തിന്റെ പ്രത്യേക പതിപ്പിന്റെ പരസ്യങ്ങൾ ഒന്ന് കണ്ണോടിച്ചാൽ അത് മനസ്സിലാകാതിരിക്കില്ല. പ്രസ്തുത ചിത്രഭ്രമത്തിന്റെ അതിപ്രസരം തന്നെയാണ് മീഡിയാവൺ എന്ന ചാനലിന്റെ അകവും പുറവും. അസംസ്കൃതമായ അതിലെ കാര്യപരിപാടികളാണ് പോലും കുടുംബങ്ങൾക്ക് ഒരുമിച്ചിരുന്ന് കാണാനാവുന്ന പുതുമയാർന്ന പരിപാടികൾ!

ഇനി അതിന്റെ മുദ്രാവാക്യവും വെല്ലുവിളിയും ഒന്നു കേൾക്കാം: "നേര്, നന്മ എന്നതാണ് മീഡിയവണ്ണിന്റെ മുദ്രാവാക്യം. നേരായ വാർത്തകളും നന്മയുള്ള വിനോദപരിപാടികളും. അസത്യവും അതിശയോക്തിയുമില്ലാത്ത വാർത്തകളും മനുഷ്യനാൽ നന്മ വളർത്തുന്ന വിനോദപരിപാടികളും ഒരു ദൃശ്യമാധ്യമത്തിന് നൽകാനാവും എന്ന് തെളിയിക്കേണ്ട വെല്ലുവിളിയാണ് മീഡിയവൺ എറ്റെടുത്തിരിക്കുന്നത്."[6] (സുബുഹാനല്ലാഹ്…!!!)

അസത്യവും അതിശയോക്തിയുമില്ലാത്ത നേരായ വാർത്തകൾ പ്രചരിപ്പിക്കുന്നതിൽപോലും ഇസ്‌ലാമിൽ അതിന്റേതായ മാനദണ്ഡങ്ങളുണ്ട്. അതിനുള്ളിൽ നിന്നുകൊണ്ട് പ്രസ്തുത സേവനം നിർവഹിക്കാൻ ഇവർക്കു സാധിക്കട്ടെ എന്നുതന്നെ ശുഭാശംസിക്കാം. പക്ഷെ, അതെല്ലാം ഇസ്‌ലാമികവും നന്മയും ആകണമെങ്കിൽ ശരീഅത്തിന് അനുസൃതമായിരിക്കണം. അതോടൊപ്പം അല്ലാഹുവിന്റെ കൽപനയോടുള്ള ഒരു സത്യവിശ്വാസിയുടെ സമീപനം നിഷ്കപടവുമായിരിക്കണം. നന്മയിൽ സഹകരിക്കാനും തിന്മയിൽ നിസ്സഹകരിക്കാനും അവന്റെ നാടും വീടും ജോലിയുമൊന്നും ഒരിക്കലും തടസ്സമായിക്കൂടാ. വാർത്താപ്രക്ഷേപണ മേഖലകളിൽ ഉപജീവനമാർഗ്ഗം നടത്തുന്ന ഈ മാധ്യമ കുടുംബത്തിന് പിന്നെ, അല്ലാഹുവിന്റെ ഈ പ്രസ്താവന എങ്ങനെ കണ്ടില്ലെന്നു നടിക്കാനാകും:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن جَآءَكُمۡ فَاسِقُۢ بِنَبَإٖ فَتَبَيَّنُوٓاْ أَن تُصِيبُواْ قَوۡمَۢا بِجَهَٰلَةٖ فَتُصۡبِحُواْ عَلَىٰ مَا فَعَلۡتُمۡ نَٰدِمِينَ

"സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായി ത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി."[7]

[5] സയ്യിദ് മൗദൂദി, ചോദ്യോത്തരം പേജ് 144-145

[6] മീഡിയ വൺ, മാനേജിംങ്ങ് ഡറക്ടർ, മാധ്യമം പ്രത്യേക പതിപ്പ്, 2013 ഫെബ്രുവരി 9, ശനി

[7] ഖുർആൻ 49:6

അല്ലാഹു മുകളിൽ സൂചിപ്പിച്ചതു പോലെ, ഒരു വാർത്ത വ്യക്തമായി അന്വേഷിച്ചറിയാതെ സാമാന്യജനത്തിനു മുമ്പിൽ അവതരിപ്പിച്ചാൽ അത് വരുത്തിവെക്കുന്ന ആപത്ത് വളരെ വലുതാണ്. മുസ്‌ലിം സമുദായത്തിനുള്ളിൽ തന്നെ വ്യക്തമായ തെളിവുകളുടെ പിൻബലമില്ലാത്ത എത്രയെത്ര സംഭവങ്ങളാണ് ഇതേ മാധ്യമ കുടുംബം പൊതുമണ്ഡലത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടുവന്നിട്ടുള്ളത്. അതിന്റെ അപകടം എത്രമാത്രമാണ് എന്ന് തിരിച്ചറിയാൻ ഇനിയെങ്കിലും സാധിച്ചെങ്കിൽ എന്ന ആശയോടെ മൗദൂദിയുടെ വരികൾ ഇവിടെ കുറിച്ചിടുകയാണ്: "... വമ്പിച്ച അനന്തര ഫലമുളവാക്കാവുന്ന സുപ്രധാനമായ വല്ല വാർത്തയും ലഭിക്കുകയാണെങ്കിൽ, കേട്ടതപ്പടി വിശ്വസിക്കുന്നതിനുമുമ്പായി ആ വാർത്ത കൊണ്ടുവന്ന വ്യക്തി എങ്ങനെയുള്ളവനാണെന്ന് നോക്കണം. പ്രത്യക്ഷത്തിൽ വിശ്വസിക്കാൻകൊള്ളാത്ത ഒരു അധർമിയാണയാളെങ്കിൽ ആ വാക്ക് കേട്ട് പ്രവർത്തിക്കുന്നതിന് മുമ്പ് കാര്യത്തിന്റെ നിജസ്ഥിതി എന്തെന്ന് സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. വിശാലവൃത്തമുള്ള ഒരു ശറഈ തത്ത്വം ഈ ദൈവിക വിധിയിൽനിന്നുദ്ഭവിക്കുന്നു. അതായത്, ഇതനുസരിച്ച് സച്ചരിതരല്ലാത്ത റിപ്പോർട്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും വ്യക്തിക്കോ സംഘത്തിനോ ജനതയ്ക്കോ എതിരിൽ ഒരു നടപടിയും കൈക്കൊള്ളാൻ ഇസ്‌ലാമിക ഭരണകൂടത്തിന് പാടുള്ളതല്ല. ഇതേ തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഹദീസ് പണ്ഡിതന്മാർ ഹദീസ് വിജ്ഞാനീയത്തിൽ വിമർശനവും നീതീകരണവും എന്ന ശാസ്ത്രം ആവിഷ്കരിച്ചത്. നബി(സ)യുടെ തിരുവചനങ്ങൾ പിൻതലമുറകൾക്ക് എത്തിച്ചവരുടെ അവസ്ഥകൾ സൂക്ഷ്മമായി പഠിക്കുന്നതിനു വേണ്ടിയാണിത്. ശറഇയ്യായ വിധി നടപ്പാക്കുന്നതിലോ ഒരു വ്യക്തിയുടെമേൽ വല്ല ബാധ്യതകളും ചുമത്തുന്ന വിഷയത്തിലോ തെമ്മാടികളുടെ സാക്ഷ്യം സ്വീകാര്യമല്ലെന്ന് കർമശാസ്ത്ര പണ്ഡിതൻമാർ സിദ്ധാന്തിച്ചതും ഇതിന്റെ അടിസ്ഥാനത്തിൽതന്നെ."[8]

ഇനി മീഡിയവൺ ഏറ്റെടുത്തിരിക്കുന്ന വെല്ലുവിളി ഇതോടൊപ്പം പരിശോധിക്കാം. മനുഷ്യനാൽ നന്മ വളർത്തുന്ന വിനോദപരിപാടികൾ ചാനലിലൂടെ നൽകുന്നതാണത്രെ ഇവർ ഏറ്റെടുത്തിരിക്കുന്നു വെല്ലുവിളി. ചാനലിന്റെ കാര്യപരിപാടികൾ ഒരിക്കൽ കണ്ണോടിച്ചവർക്ക് മനസ്സിലാക്കാൻ കഴിയും, ഈ വെല്ലുവിളി അല്ലാഹുവിനോടും അവന്റെ പ്രവാചകനോടുമാണ് എന്നത്. മനുഷ്യനിൽ നന്മ നട്ടുവളർത്താനുള്ള എല്ലാ കാര്യങ്ങളും പ്രവാചകൻ(സ) പഠിപ്പിച്ചു തന്നിട്ടുണ്ട്. അതിലെവിടെയും അല്ലാഹു നിഷിദ്ധമായി പ്രഖ്യാപിച്ച ഒരു കാര്യം കയറിക്കൂടിയിട്ടില്ല. അപ്പോൾ ജനഹിതമനുസരിച്ചും സ്വാർത്ഥ താത്പര്യം നിമിത്തവും നന്മ തിന്മകൾ തീരുമാനിക്കുന്നവരുടെ കാര്യമോ? അതും സയ്യിദ് മൗദൂദി തന്നെ പറയട്ടെ: "ഹിതാഹിതങ്ങളുടെ അതിർവരമ്പുകൾ നിശ്ചയിക്കാനുള്ള പരമാധികാരം ഖണ്ഡിതമായും അല്ലാഹുവിന്റെ ഹസ്തത്തിലാകുന്നു. സാധാരണക്കാരിരിക്കട്ടെ, പ്രവാചകവര്യൻമാർക്കുപോലും അതിൽ പങ്കുലഭിച്ചിട്ടില്ല. പ്രവാചകന് പ്രവാചകൻ എന്ന നിലയ്ക്ക് വല്ല സംഗതിയും ഹലാലോ ഹറാമോ ആയി നിശ്ചയിക്കാൻ കഴിയുന്നത് അല്ലാഹു വിശുദ്ധ ഖുർആനിലൂടെയോ ഗുപ്തമായി മറ്റു വഹ്‌യിലൂടെയോ അങ്ങനെ ചെയ്യാൻ അദ്ദേഹത്തോട് നിർദേശിച്ചിട്ടുള്ളപ്പോൾ മാത്രമാണ്. ഇതല്ലാതെ അല്ലാഹു സ്വയം അനുവദനീയമാക്കിയ ഒരു കാര്യം നിഷിദ്ധമാക്കുവാനുള്ള അനുവാദം നബിക്കുപോലുമില്ല. മറ്റുള്ളവരുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ."[9]

അല്ലാഹു ഹലാലാക്കിയ ഒരു ഉത്തമവസ്തുവായ തേൻ ചില ഭാര്യമാരുടെ പ്രീതിക്കുവേണ്ടി ഇനി മേലിൽ ഞാൻ കുടിക്കുകയില്ല എന്ന് ശപഥം ചെയ്ത നബി(സ)യെ ആക്ഷേപിച്ചു അല്ലാഹു ഇറക്കിയ സൂറഃ തഹ്‌രീമിലെ പ്രഥമ സൂക്തത്തിന്റെ വിശദീകരണത്തിലാണ് മൗദൂദി മേൽ അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നത്. മൗദൂദിയുടെ വിശദീകരണത്തിൽ അല്ലാഹു ഹലാലാക്കിയ ഒരു വസ്തു പ്രവാചകൻ(സ) ഹറാമാക്കുക വഴി അദ്ദേഹം നിയമനിർമ്മാണത്തിൽ താൽക്കാലിക പങ്കാളിത്തം സ്വീകരിച്ചു എന്ന ധ്വനിയാണ് വരുത്തിയിരിക്കുന്നത്. എന്നാൽ സംഗതിയുടെ യാഥാർത്ഥ്യം അങ്ങനെയല്ല. സ്വന്തം ഭാര്യമാരുടെ പ്രീതിക്കുവേണ്ടി നബി(സ) അപ്രകാരം പറഞ്ഞത് പ്രവാചകന്റെ പദവിക്ക് യോജിച്ചതല്ല എന്നതാണ് അല്ലാഹുവിന്റെ ആക്ഷേപത്തിന് കാരണം. അതല്ലാതെ അല്ലാഹു അനുവദനീയമാണെന്ന് കൽപിച്ച ഒരു കാര്യം നബി(സ)

---

[8] സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, അൽഹുജുറാത്ത് 6-ാം സൂക്തം, വാള്യം 5, പേജ് 73

[9] സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, അത്തഹ് രീം ആമുഖം, വാള്യം 6, പേജ് 11

നിഷിദ്ധമാണെന്ന് വിധിച്ചുവെന്നോ, അല്ലാഹുവിന്റെ ഒരു വിധിയെ പ്രവാചകൻ(സ) നിസ്സാരമാക്കുകയോ അവഗണിക്കുകയോ ചെയ്തു എന്ന് ഉദ്ദേശ്യം ഇവിടെയില്ല. സലഫുസ്സാലിഹീങ്ങളുടെ വ്യാഖ്യാനങ്ങൾ അവഗണിച്ചുകൊണ്ട്, ഒരു കയ്യിൽ ക്വുർആനും മറുകയ്യിൽ നിഘണ്ടുവും ആധാരമാക്കി കേവലം ഉർദു ഭാഷയുടെ പിൻബലത്തിൽ ഭരണകൂട അട്ടിമറി ലക്ഷ്യമാക്കി ക്വുർആൻ വ്യാഖ്യാനിക്കുന്നതിന്റെ അപകടമാണ് ഇതെല്ലാം. ഏതായാലും മൗദൂദി പറഞ്ഞത് പോലെ, വല്ല സംഗതിയും ഹലാലോ ഹറാമോ ആയി നിശ്ചയിക്കാൻ കഴിയുന്നത് അല്ലാഹുവിന് മാത്രമാണ്. പ്രവാചകന് ഒരു തെറ്റും ഇവ്വിഷയത്തിൽ വന്നുപോയിട്ടില്ല എന്ന് സാന്ദർഭികമായി ഉണർത്തിയെന്ന് മാത്രം.

വസ്തുത ഇതായിരിക്കെ, മീഡിയാ വണ്ണിലൂടെ പ്രസരിപ്പിക്കുന്ന തീർത്തും ഹറാമായ കാര്യങ്ങളെ നന്മയായി പരിചയപ്പെടുത്തുന്നത് കബളിപ്പിക്കുന്ന ഒരുതരം വിപണനതന്ത്രം മാത്രമാണ്. അതുകൊണ്ടാണ് ഈ രൂപത്തിലുള്ള പ്രസ്താവന ഇടവും വലവും നോക്കാതെ ഇവർ നൽകിയത്. "അതിന്റെ വിനോദ പരിപാടികൾ ദർശിക്കുന്നവരിൽ ഒരിക്കലും അത് തിന്മ വളർത്തുകയില്ല."[10]

മീഡിയാവണ്ണിന്റെ റിയാലിറ്റി ഷോയെകുറിച്ചുള്ള ഒരു പരസ്യം നോക്കൂ: "സ്നേഹത്തിന്റെ ഈണപ്പകർച്ചകൾക്ക് സംഗീതത്തിന്റെ മൈലാഞ്ചിയണിയിക്കുന്ന രാഗതാളലയമേളം. ചരിത്രവും സംസ്കാരവും കഥപറയുന്ന മലബാറിന്റെ പവിത്രസംഗീതത്തിന്റെ തനിയാവർത്തനം." പരിശുദ്ധ റമളാനിൽ പോലും ഈ രാഗതാളലയമേളം മുസ്ലിം വീടുകളിൽ പാടിതിമിർക്കുകയായിരുന്നു. ഇതിന്റെയെല്ലാം രക്ഷാധികാരി ജമാഅത്തെ ഇഖ്വാനിയും.

സഊദി അറേബ്യയിലെ ബാലസംഘത്തിന്റെ വ്യക്തിത്വ വികസനത്തിനു വേണ്ടി തയ്യാറാക്കിയ iChange മലർവാടി 2009-2010 ഡയറി തയ്യാറാക്കിയത് ഇതേ വിനോദഭ്രമം ബാധിച്ച, റമളാനിന്റെ പവിത്രതയിൽ അത്ര തത്പരരല്ലാത്തവർ ആയിരുന്നു. കാരണം അതിൽ, ബഹുദൈവാരാധനയുമായി ബന്ധപ്പെട്ട ഹൈന്ദവ ആഘോഷമായ ഓണത്തിന് 16 കൂട്ടം കറികളും 3 കൂട്ടം പായസവും ചേർത്തുള്ള ഉച്ചയൂണ് അടങ്ങിയ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഓണസദ്യ എന്ന് പരിചയപ്പെടുത്തിയതിനു ശേഷം കുട്ടികളോട് ആവശ്യപ്പെടുന്നത് ആ ദിവസം ഉച്ചയൂണിനോടൊപ്പമുള്ള വിഭവങ്ങളുടെ പട്ടിക തയ്യാറാക്കാനായിരുന്നു. അതാകട്ടെ പരിശുദ്ധമായ റമളാൻ മാസവും. ചാത്തപ്പനെന്തു മഹ്ശറ എന്ന അവസ്ഥയിലേക്ക് സ്വന്തം കുട്ടികളെ പോലും തള്ളിവിടാൻ പരിശ്രമിക്കുന്ന ഈ കൂട്ടരെ എന്താണ് കൂടുതൽ വിശേഷിപ്പിക്കുക. അതേ ഡയറിയിൽ തന്നെ നല്ല സിനിമ കാണാനുള്ള പരിശീലനവും 'മലർ' നുകരുന്ന കുട്ടികൾക്കായി ഉൾകൊള്ളിച്ചിട്ടുണ്ട്. ജമാഅത്തിന്റെ ആധുനിക പാഠശാലയിൽനിന്ന് പുറത്തിറങ്ങുന്ന പ്രതിലോമമായ ശിക്ഷണഫലമാണ് ഇതെല്ലാം വിളിച്ചറിയിക്കുന്നത്.

അല്ലാഹുവിന്റെ പ്രവാചകൻ(സ) മുന്നറിയിപ്പ് നൽകിയ ഒരു കൂട്ടത്തെ പിശാചിന്റെയും അനുയായികളുടെയും സമഗ്രപിന്തുണയോടെ അറിഞ്ഞോ അറിയാതെയോ വളർത്തി യെടുക്കുകയാണ് ഇന്നത്തെ ജമാഅത്ത് ഇഖ്വാനി സഖ്യം. നബി(സ) പറയുന്നതായി അബൂമാലികുൽ അശ്അരി(റ)വിൽ നിന്ന് നിവേദനം:

لَيَكُونَنَّ مِنْ أُمَّتِي أَقْوَامٌ يَسْتَحِلُّونَ الْحِرَ والْحَرِيرَ وَالْخَمْرَ وَالْمَعَازِفَ

"വ്യഭിചാരവും പട്ടുവസ്ത്രവും മദ്യവും സംഗീതോപകരണങ്ങളും അനുവദനീയമായി കാണുന്ന ഒരു വിഭാഗം എന്റെ ഉമ്മത്തിൽ ഉണ്ടാവുകതന്നെ ചെയ്യും"[11]

നബി(സ) തന്നെ പറഞ്ഞതായി മറ്റൊരു ഹദീഥ് സഅ്ദി(റ)വിൽ നിന്ന് നിവേദനം:

---

[10] മീഡിയ വൺ, മാനേജിംങ്ങ് ഡറക്ടർ, മാധ്യമം പ്രത്യേക പതിപ്പ്, 2013 ഫെബ്രുവരി 9, ശനി

[11] ബുഖാരി

سَيَكُونُ فِي اَخِرِ الزَّمَانِ خَسْفٌ وَ قَذْفٌ وَ مَسْخٌ، إِذَا ظَهَرَتِ الْمَعَازِفِ وَ الْقَيْنَاتِ، واستحلتِ الْخَمْرُ

"സംഗീതോപകരണങ്ങളും നർത്തകിമാരും വ്യാപകമാവുകയും മദ്യം അനുവദനീയ മാക്കപ്പെടുകയും ചെയ്താൽ കാലാവസാനത്തിൽ ഭൂകമ്പവും ചരൽവർഷവും രൂപമാറ്റവും ഉണ്ടാകും"[12]

ഉപകരണസംഗീതം ഹറാമാണ് എന്നത് സുവ്യക്താണ്. എന്നിട്ടും സംഗീതം അനുവദനീയമോ നിഷിദ്ധമോ എന്നതിൽ പൂർവ്വകാലം മുതൽ ആധുനികർ വരെയുള്ള പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമുള്ള ഒരു ഫിഖ്ഹീ പ്രശ്നമാണെന്ന് ജമാഅത്ത് സാഹിത്യങ്ങൾ വാദിക്കുന്നു. ഈ 'ഭിന്നാഭിപ്രായം' ഏതായാലും കറകളഞ്ഞ അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതർക്കിടയിൽ ഉടലെടുത്തതല്ല. മറിച്ച് അത് കേവലം ഇഖ്‌വാനി ജമാഅത്തുകൾക്കിടയിലെ തർക്കം മാത്രമാണെന്ന് ഇവരുടെതന്നെ വരികൾ സൂചിപ്പിക്കുന്നുണ്ട്: "ഉദാഹരണമായി മൗലാനാ അബുൽഅഅ്‌ലാ മൗദൂദി ഉപകരണ സംഗീതം നിഷിദ്ധമാണ് എന്ന അഭിപ്രായക്കാരനാണ്. ഇന്ന് ജീവിച്ചിരിക്കുന്ന മുസ്‌ലിം പണ്ഡിതന്മാരിൽ പ്രമുഖനായ ശൈഖ് യൂസുഫുൽ ഖറദാവി ഉപകരണസംഗീതം അനുവദനീയമാണെന്ന് വാദിക്കുന്നു. രണ്ട് വിഭാഗത്തിന്നും അവരുടേതായ തെളിവുകളുണ്ട്... ...ഹദീസ് നിദാനശാസ്ത്രമനുസരിച്ച്, സംഗീതം നിഷിദ്ധമാണെന്നു കുറിക്കുന്ന ഹദീസുകൾ അത് അനുവദനീയമാണെന്ന് കുറിക്കുന്ന ഹദീസുകളെ അപേക്ഷിച്ച് ദുർബലങ്ങളാണ്. അതുകൊണ്ട് ഉപകരണ സംഗീതം നിഷിദ്ധമല്ല; നിഷിദ്ധമായ ലക്ഷ്യത്തിനുവേണ്ടിയല്ല അതുപയോഗിക്കുന്നതെങ്കിൽ എന്ന വീക്ഷണത്തെയാണ് ഈയുള്ളവൻ പിന്താങ്ങുന്നത്... ...ഫിഖ്ഹിയായ തർക്കപ്രശ്നങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി അതിനകത്തോ പുറത്തോ ഉള്ള ഒരു പണ്ഡിതന്റെയോ ഒരു വിഭാഗം പണ്ഡിതൻമാരുടെയോ പ്രത്യേക വീക്ഷണത്തെ സംഘടനാ തലത്തിൽ തള്ളുകയോ കൊള്ളുകയോ ചെയ്യാറില്ല. അത്തരം പ്രശ്നങ്ങളിൽ- സംഘടനാംഗങ്ങൾക്ക്, തെളിവുകളുടെ വെളിച്ചത്തിൽ ബോധ്യപ്പെട്ട വീക്ഷണം സ്വീകരിക്കാവുന്നതാണ്. ഈയടിസ്ഥാനത്തിൽ ഫിഖ്ഹിയായ പല പ്രശ്നങ്ങളിലും പരസ്പര ഭിന്നമായ വീക്ഷണങ്ങൾ പുലർത്തുന്നവർ ജമാഅത്തിലുണ്ട്. സംഗീതവും അക്കൂട്ടത്തിൽ പെടുന്നു. സംഗീതം അനുവദനീയമാണെന്ന് അഭിപ്രായമുള്ള പ്രവർത്തകർ സംഘടിപ്പിക്കുന്ന പരിപാടികളിലേ ഉപകരണ സംഗീതം അവതരിപ്പിക്കപ്പെടാറുള്ളൂ."[13] (അല്ലാഹുവിൽ ശരണം!)

അല്ലാഹുവിന്റെ ദീനിൽ അവൻ ഹറാമാക്കിയതിനെ സ്വീകരിക്കാൻ എന്തും കോട്ടിമാറ്റി പറയുന്നത് ദുരുപദിഷ്ടമായ പ്രവണതയാണ്. ഇമാം ബുഖാരി ഉദ്ധരിച്ചതുൾപ്പടെ ഒട്ടനവധി സ്വഹീഹായ ഹദീസുകളിലൂടെ സ്ഥിരപ്പെട്ടതാണ് സംഗീതത്തിലെ തിന്മയും അതിന്റെ തിരസ്കരണവും. എന്നിട്ടും ഈ കൂട്ടർ എഴുതിവിടുകയാണ്: "പുരുഷൻമാർ സ്ത്രീകളുടെ കൂടെ സംസാരിക്കുന്നതോ പാട്ടുപാടുന്നതോ അനുവദനീയമായ മറ്റു ജോലികൾ ചെയ്യുന്നതോ ഇസ്‌ലാം നിരോധിച്ചിട്ടില്ല. അന്യ സ്ത്രീപുരുഷൻമാർ ഇടപെടുമ്പോൾ ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ള സദാചാര്യമര്യാദകൾ പാലിക്കണം എന്നേയുള്ളൂ."[14]

അല്ലാഹു ഹറാമാക്കിയ ഉപകരണസംഗീതം, അത് അനുവദനീയമാണെന്ന് അഭിപ്രായമുള്ള പ്രവർത്തകർ സംഘടിപ്പിക്കുന്ന പരിപാടികളിലേ അതെല്ലാം അവതരിപ്പിക്കപ്പെടാറുള്ളൂ എന്ന് യാതൊരു ലജ്ജയും ദൈവഭയവുമില്ലാതെ എഴുതിയ വ്യക്തിക്ക് സ്ത്രീയും പുരുഷനും ചേർന്നുള്ള പാട്ട് 'ഇസ്‌ലാമിക സദാചാര്യമര്യാദകൾ' പാലിച്ചുകൊണ്ടായിരിക്കണം എന്നഭിപ്രായപ്പെടാൻ എന്ത് പ്രയാസം?!. വല്ലവനും ഒരു ഗായികയുടെ പാട്ട് ആസ്വദിച്ചാൽ പുനരുത്ഥാനനാളിൽ അയാളുടെ കാതുകളിൽ ഈയം ഉരുക്കിയൊഴിക്കപ്പെടും എന്ന

[12] മുഅ്ജമുത്ത്വബറാനി, അൽബാനി(റഹി) സ്വഹീഹ് എന്ന് വിശേഷിപ്പിച്ച ഹദീഥ്.

[13] ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ് 521-522

[14] ടി.കെ. ഉബൈദ്, പ്രശ്നങ്ങൾ വീക്ഷണങ്ങൾ, പേജ് 524

പ്രവാചക(സ)ന്റെ താക്കീതാണ് ഇയാൾ ഇവിടെ അട്ടിമറിക്കുന്നത്. പ്രസ്തുത ഹദീഥ് മൗദൂദി തന്നെ വിശദീകരിക്കുന്നത് വഴിയെ വായിക്കാം, ഇൻശാ അല്ലാഹ്.

ഒരു സംഗീതാസ്വാദകന്റെ മാനസികാവസ്ഥ വിശദീകരിച്ചുകൊണ്ട് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) എഴുതുകയാണ്: ''ഗാനാസ്വാദനം പതിവാക്കുകയും അതിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്ത ഒരു വ്യക്തിയിൽ ഖുർആൻ ശ്രവണത്തിന് യാതൊരു താത്പര്യവുമുണ്ടാകില്ല. അതു കേൾക്കുന്നതുമുഖേന യാതൊരാനന്ദവും അവനനുഭവിക്കുകയില്ല. ഗാനവരികൾ കേൾക്കുന്നത്ര ആവേശം ക്വുർആനിക വചനങ്ങൾ കേൾക്കുന്നതിൽ അവന്നുണ്ടാവുകയുമില്ല. അഥവാ ഇനി കേൾക്കുകയാണെങ്കിൽത്തന്നെ അശ്രദ്ധമായും ഇടയിൽ സംസാരങ്ങളിൽ മുഴുകിയുമായിരിക്കും അവനതു കേൾക്കുക. എന്നാൽ, താളമേളങ്ങളുടെ ശബ്ദ വീചികൾ കേൾക്കാനായാലോ, നിശ്ചലം, സാകൂതം അവനതിനെ ശ്രവിച്ചിരിക്കും. അവനതിൽ ഹൃദയപൂർവം ലയിച്ചിരിക്കും.''[15]

എത്രമാത്രം സത്യമാണ് മേൽവരികൾ. സംഗീതലഹരിയിൽ മുസ്‌ലിം സമൂഹം ആണ്ടുപോയിരിക്കുകയാണ്. അതിന് താങ്ങും തണലുമായി ജമാഅത്തെ ഇസ്‌ലാമിയുടെ നിരവധി 'ആധുനിക' ഫത്‌വകളും. ഒരു മുസ്‌ലിമിന്റെ ഏതൊരു ആഘോഷവേളയിലും ഈ പൈശാചിക ഉപകരണങ്ങളുമായി പ്രത്യക്ഷപ്പെടാൻ പ്രവാചക(സ)ന്റെ അനുയായികൾ എന്നവകാശപ്പെടുന്ന ആളുകൾക്ക് മടിയില്ലാതായിരിക്കുന്നു. വിവാഹ സത്കാരങ്ങളിൽ സമ്പത്ത് ചിലവഴിച്ച് മത്സരബുദ്ധിയോടെ ഇത്തരം വൃത്തികെട്ട അരങ്ങിന് സാക്ഷ്യവഹിക്കേണ്ട ഗതികേട് മുസ്‌ലിം സമുദായത്തിൽ അന്തർഭാഗമായിരിക്കുന്നു. എന്നാൽ സലഫുകൾ ഇതിനെയെല്ലാം അങ്ങേയറ്റം വെറുപ്പോടുകൂടിയാണ് നോക്കികണ്ടത്. അതിനുള്ള തെളിവാണ് മഹാനായ ഇമാം ഹസനുൽ ബസ്വരി(റഹി)യുടെ ഈ പ്രസ്താവന: ''വിവാഹ വിരുന്നുസൽകാരങ്ങളിൽ (വലീമയിൽ) വിനോദ പരിപാടികൾ അഥവാ സംഗീതങ്ങളും കളികോലാഹങ്ങളുമുണ്ടെങ്കിൽ അവരുടെ ക്ഷണം സ്വീകരിക്കേണ്ടതില്ല.''[16]

ജമാഅത്തെ ഇസ്‌ലാമിയുടെ മീഡിയവൺ എടുത്തു പരിശോധിക്കുകയാണ് എങ്കിൽ മേൽ പറയപ്പെട്ട മുഴുവൻ തിന്മയും അതിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്നുണ്ട്. അതുകൊണ്ട് തന്നെ മീഡിയാവണ്ണിലെ വിനോദ പരിപാടികൾ ദർശിക്കുന്നവരിൽ ഒരിക്കലും അത് തിന്മ വളർത്തുകയില്ല എന്ന അവകാശവാദം കേവലം പൊള്ളയായ വാദം മാത്രമാണ്. സാത്താന്റെ കുഴലൂത്തിന് ബിസ്മിയും ഹംദും സ്വലാത്തും ശൊല്ലി ആശംസകൾ നേരുന്നവരും ഈ പാപഭാരത്തിന്റെ ഓഹരി ചുമക്കുന്നവരാണ്. (അല്ലാഹുവിൽ ശരണം!)

പാശ്ചാത്യ സംസ്കാരത്തെയും അതിന്റെ സംഭാവനകളെയും എന്നും അതിശക്തമായി എതിർത്ത് വരാറുള്ള ജമാഅത്തെ ഇസ്‌ലാമി ഒടുക്കം അതിന്റെ വക്താക്കളും പ്രചാരകരും പ്രയോക്താക്കളുമായി പരിവർത്തിക്കാറുള്ളത് സാധാരണമാണ്. പാശ്ചാത്യ സംസ്കാരത്തിന്റെ അധിനിവേശം ചർച്ചയാകുമ്പോഴൊക്കെ പലപ്പോഴും മീഡിയ സംപ്രേഷണം ഉൾപ്പടെയുള്ള അവരുടെ സംഭാവനകളെ ജമാഅത്ത് ഇഖ്‌വാനികൾ വിശ്ലേഷണം നടത്തിയത്: ഇസ്‌ലാം ദീനിനെ ഇല്ലാതാക്കാനുള്ള പടിഞ്ഞാറിന്റെ ഒരു രഹസ്യ തന്ത്രമായിട്ടാണ്. പാശ്ചാത്യരുടെ ഏതൊരു നീക്കത്തെയും അപ്രകാരം കാണുകയും, അത് എഴുതിപ്പിടിപ്പിക്കുകയും ചെയ്തിട്ടുള്ള ഇവരാണ് ഇന്ന് അതേ പടകോപ്പുകളുമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഇസ്‌ലാമികമായി കൃത്യമായ അവബോധമില്ലായ്മയാണ് ഇത്തരം ബഹുമുഖ സ്വഭാവവൈചിത്ര്യം പ്രകടമാക്കാൻ ജമാഅത്തിനെ എന്നും ദൃഷ്ടരാക്കുന്നത്. എന്നാൽ, ഇസ്‌ലാമിക പ്രമാണങ്ങളുമായി ഏറെ ബന്ധമുള്ള സലഫികൾ അങ്ങനെയല്ല. അവരുടെ അപഗ്രഥനവും മൂല്യനിർണ്ണയവും എന്തെങ്കിലും ഭൗതിക താത്പര്യങ്ങൾ ലക്ഷ്യം വെച്ചിട്ടല്ലാത്തതിനാൽ, അതിൽ നീതിയും നന്മയും പ്രകടമാകുന്നത് ഏതൊരാൾക്കും ദർശിക്കാനാകും. അതിന്റെ ഉദാഹരണമാണ് പ്രശസ്ത

[15] അൽ മജ്മൂഅ് ഫതാവാ

[16] അൽ ജാമിഉ ഫിൽ ഖൈറുവാനി

പണ്ഡിതനായ ശൈഖ് മുഹമ്മദ് അൽ അമീൻ ശൻഖ്വീതി (റഹി) പാശ്ചാത്യൻ സംസ്കാരത്തോടുള്ള ഇസ്‌ലാമിന്റെ നിലപാട് വ്യക്തമാക്കിയ താഴെയുള്ള വരികൾ:

إن الموقف من الحضارة الغربية ينحصر في أربعة أقسام لا خامس لها-:

الأول : ترك الحضارة نافعها وضارها.

الثاني : أخذها كلها ضارها ونافعها.

الثالث : أخذ ضارها دون نافعها.

الرابع : أخذ نافعها وترك ضارها.

فنجد الثلاثة الأولى باطلة بلا شك ، وواحداً فيها صحيحاً بلا شك وهو الأخير.

(أضواء البيان 4/ 382)

“പാശ്ചാത്യൻസംസ്കാരത്തോടുള്ള നമ്മുടെ സമീപനം നാലിൽ ഒരു രൂപത്തിലാണ്. അഞ്ചാമതൊന്ന് അതിനില്ല: 1. നല്ലതായാലും മോശമായാലും ഈ സംസ്കാരത്തെ അവഗണിക്കുക. 2. നല്ലതായാലും മോശമായാലും അതിനെ സമ്പൂർണ്ണമായി സ്വീകരിക്കുക. 3. അതിലുള്ള മോശമായ കാര്യങ്ങളെ സ്വീകരിച്ച് നല്ലതിനെ ഒഴിവാക്കുക. 4. അതിലുള്ള നല്ല കാര്യങ്ങളെ സ്വീകരിച്ച് മോശമായതിനെ ഒഴിവാക്കുക. ഇതിൽ ആദ്യത്തെ മൂന്ന് സമീപനങ്ങളും തെറ്റാണെന്നതിൽ സംശയമില്ല; അവയിൽ ഒരു സമീപനം മാത്രമാണ് ശരി; അതാകട്ടെ, അവസാനത്തേതാണ്.”[17]

മേൽ വിശദീകരണം അന്വർത്ഥമാക്കുന്ന രൂപത്തിൽ തന്നെയാണ് സലഫി പണ്ഡിതലോകം ടെലിവിഷൻ, ഡിഷ് തുടങ്ങിയ പാശ്ചാത്യരുടെ സംഭാവനകളെ തള്ളുകയും കൊള്ളുകയും ചെയ്തിട്ടുള്ളത്. പ്രസ്തുത സ്വീകരണത്തിന്റെയും നിരാകരണത്തിന്റെയും സ്രോതസ്സ് അല്ലാഹുവിന്റെ കിതാബും പ്രവാചകന്റെ സുന്നത്തുമാണ്. വളരെ കൃത്യവും വ്യക്തവുമായ അതിന്റെ ഒരു ഉദാഹരണമാണ് ഇബ്നുബാസ് (റഹി)യുടെ താഴെയുള്ള ഇവ്വിഷയകമായ ഫത്‌വ:

ما حكم مشاهدة التليفزيون؟ وأفلام الفيديو الخليعة ؟ وتركيب الدش في البيوت ؟ .

مشاهدة التلفاز خطيرة جداً ، وأنا أوصي بعدم مشاهدته وعدم الجلوس عنده مهما أمكن ، لكن إذا كان المشاهد له عنده قوة يستفيد من الخير ، ولا يجره ذلك إلى الشر فلا مانع إذا كان عنده قوة يعرفها من نفسه ، فيسمع الشيء الطيب ويستفيد منه ويبتعد عن الشيء الخبيث من الأغاني والتماثيل الخبيثة وما يضر المستمع فلا بأس ، ولكن في الغالب أنه يجر بعضه إلى بعض ، فلهذا أوصي بعدم إدخاله إلى البيوت ، وعدم مشاهدته ، لأنه يجر بعض إلى بعض ، ولأن النفس ميالة لمشاهدة الأشياء الغريبة بين يديها فليس مثل الاستماع ، الاستماع أقل خطراً فالمشاهد مع الاستماع تكون النفس إله أميل والتعلق به أكثر .

[17] അദ്‌വാഉൽ ബയാൻ, 4/182

وأشر من هذا وأخبث الفيديو إذا سجلت فيه الأفلام الخليعة التي تداولها الناس نعوذ بالله ، وهذه الأفلام الخليعة في الفيديو شرها عظيم ويجب الحذر منها ويجب على العاقل إذا وجد شيئاً من ذلك أن يمزق الفيلم أو أن يسجل عليه شيئاً يزيل هذا الخبيث الذي فيه إذا كان يمكن ذلك فيسجل عليه شيئاً نافعاً يزيل ما فيه من الخبث ، ويستفيد من أشرطته التي يسجل عليها شيئاً نافعاً.

وأشر من ذلك الدش فالواجب الحذر منه وعدم إدخاله البيوت عافى الله المسلمين من شر الجميع .

كتاب مجموع فتاوى ومقالات متنوعة لسماحة الشيخ العلامة عبد العزيز بن عبد الله بن باز رحمه الله . م/9 ص/384.

“ടെലിവിഷൻ കാണുന്നതിന്റെയും, മോശമായ ഫിലിം കാണുന്നതിന്റെയും, വീട്ടിൽ ഡിഷ് വെക്കുന്നതിന്റെയും വിധിയെന്ത്?

= ടെവിലിവിഷൻ കാണുന്നത് വളരെ അപകടം നിറഞ്ഞകാര്യമാണ്, എനിക്ക് വസ്വിയ്യത്ത് ചെയ്യുവാനുള്ളത് കഴിയുന്നത്ര അത് കാണാതിരിക്കുകയെന്നതാണ്. എന്നാൽ നന്മ മാത്രമെ കാണൂവെന്ന ശക്തമായ തീരുമാനമുള്ള, തിന്മയിലേക്ക് പോകില്ലായെന്ന് ഉറപ്പുമുള്ളവർക്ക് അത് കാണുന്നതിന് തടസ്സമില്ല. നല്ല കാര്യങ്ങൾ കാണുകയും അത് പ്രയോജനപ്പെടുത്തുകയും ചെയ്യുക, ചീത്ത കാര്യങ്ങളും സംഗീതവും മ്ളേഛമായ പ്രോഗ്രാമുകളും കേൾക്കുന്നവർക്ക് ഉപദ്രവമുണ്ടാക്കുന്നവയും ഒഴിവാക്കുക. പക്ഷെ, അധിക പരിപാടികളും പരസ്പരം കൂടികുഴഞ്ഞിരിക്കുന്നതിനാൽ വീടുകളിലേക്ക് അത് പ്രവേശിപ്പിക്കാതിരിക്കുകയും, അത് കാണാതിരിക്കുകയും ചെയ്യുക എന്നതാണ് എനിക്ക് ഉപദേശിക്കുവാനുള്ളത്. കാരണം അതിലെ ചില പരിപാടികൾ മറ്റു പരിപാടികളിലേക്ക് നമ്മെ വലിച്ച് കൊണ്ടുപോകുന്നവയാണ്. മനുഷ്യന്റെ മനസ്സ് വിചത്രമായ കാര്യങ്ങൾ കാണുന്നതിലേക്ക് അവനെ പ്രേരിപ്പിച്ച് കൊണ്ടുപോകുന്നതാണ്. ഒരു കാര്യം കേൾക്കുന്നതുപോലെയല്ല കാണുന്നത്, കേൾക്കുന്നതിനേക്കാൾ അപകടം നിറഞ്ഞതാണ് കാണുകയും കേൾക്കുകയും ചെയ്യുകയെന്നത്. അതിലേക്ക് മനസ്സ് അധികമായി ചായുകയും ബന്ധപ്പെടുകയും ചെയ്യും.

ഇതിൽ ഏറ്റവും മോശമായതും, അപകടം നിറഞ്ഞതുമാണ് ജനങ്ങൾക്കിടയിൽ പ്രചരിച്ച് കൊണ്ടിരിക്കുന്ന മോശമായ സിനിമകളുടെയും മറ്റും വീഡിയോകൾ, അല്ലാഹുവിൽ അഭയം തേടുന്നു. മ്ളേഛവും മോശവുമായ വീഡിയോകളുടെ ഉപദ്രവം വളരെ അപകടം നിറഞ്ഞതായതിനാൽ അതിനെതിരെ താക്കീത് ചെയ്യൽ നിർബ്ബന്ധമാണ്. ബുദ്ധിയുള്ള ഒരാൾ അങ്ങനെയുള്ള സിനിമകളുടെയും മറ്റും സീഡികളോ മറ്റു ഉപകരണങ്ങളോ കാണുകയാണെങ്കിൽ അവ നശിപ്പിച്ചു കളയുകയും, അതല്ലാത്തവ ഉപകാരപ്പെടുന്നവയ്ക്ക് മാത്രം ഉപയോഗിക്കുകയും ചെയ്യേണ്ടത് നിർബ്ബന്ധമാണ്. ഇവയിൽ ഏറ്റവും കൂടുതൽ ഉപദ്രവകരാമായത് ഡിഷ് ആകുന്നു, അതിനെതിരെ പ്രതികരിക്കേണ്ടത് നിർബ്ബന്ധമാണ്, വീടുകളിലേക്ക് അത് പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്യുക. എല്ലാ ഉപദ്രവങ്ങളിൽ നിന്നും അല്ലാഹു മുഴുവൻ മുസ്ലിംങ്ങളെയും കാത്തു രക്ഷിക്കുമാറാവട്ടെ.”[18]

അല്ലാഹുവിന്റെ ദീനിൽ കാണിക്കേണ്ട സൂക്ഷ്മതയും, അതോടൊപ്പം അവന്റെ ദീനിൽ നിഷിദ്ധവും തിന്മയുമായി ഗണിക്കുന്ന സംഗതികളോടുള്ള ഒരു സത്യവിശ്വാസിയുടെ ഗുണകാംക്ഷാമനസ്സോടുള്ള സമീപനവുമാണ് ഉപരിസൂചിത വരികൾ. വിനോദപരിപാടികളുടെ മേൽവിലാസത്തിൽ മീഡിയകൾ വിസർജിക്കുന്ന സംഗീതഭേദങ്ങൾ മനുഷ്യനെ അപരാധിയാക്കുവാനേ സഹായിക്കുകയുള്ളൂ എന്ന് ജ്ഞാനികൾ മനസ്സിലാക്കിയതിനാലാണ്

[18] മജ്മൂഅ് ഫതാവാ വ മഖാലാതി മുതനവ്വിഅ: ശൈഖ്: അല്ലാമാ അബ്ദുൽ അസീസ്ബ്നു അബ്ദുല്ലാഹ് ബ്നുബാസ്(റഹി), വാല്യം: 9

“ഗാനം പിശാചിൽനിന്ന് തുടങ്ങുന്നു. കാരുണ്യവാനായ റബ്ബിന്റെ കോപത്തിൽ അത് അവസാനിക്കുകയും ചെയ്യുന്നു”[19] എന്ന് അവർക്ക് സധൈര്യം പറയാൻ കഴിയുന്നത്.

ഇതെല്ലാം മനസ്സിലാക്കിയ ഒരു സത്യവിശ്വാസിക്ക് പിന്നെ മീഡിയവൺ ചാനൽ ഒരു നന്മയല്ല, തിന്മയാണ് എന്ന് പറയാൻ മറ്റൊന്നാലോചിക്കേണ്ടതില്ല. ഇങ്ങനെ ഒരു ചാനൽ വെറും ഒരു തിന്മ എന്ന് പറഞ്ഞാൽ മാത്രം മതിയാവുകയില്ല. ഒരു വ്യക്തിക്ക് മരണാനന്തരമുള്ള അനശ്വരമായ ലോകത്തേക്ക് ഉപകാരപ്പെടുക ഈ ലോകത്ത് വെച്ച് സമ്പാദിക്കുന്ന നന്മകൾ മാത്രമാണ് എന്നറിയുന്നവർ, ലോകരെ ആ സത്യത്തിലേക്ക് ക്ഷണിക്കുകയും നന്മകൾ അധികരിപ്പിച്ചു നിഷിദ്ധങ്ങൾ വെടിഞ്ഞ് ജീവിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടവർ, അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും മാലോകരെ പുറംതിരിഞ്ഞു നിൽക്കാൻ ശീലിപ്പിക്കുകയാണ്. ദൈവികമാർഗത്തിൽനിന്ന് ജനത്തെ വ്യതിചലിപ്പിക്കുന്ന ഇതുപൊലെയുള്ള ഒരു വിവരമില്ലാത്ത വർഗങ്ങൾ ചരിത്രത്തിൽ മുമ്പും കഴിഞ്ഞുപോയിട്ടുണ്ട്. അവരെ കുറിച്ചാണ് സയ്യിദ് മൗദൂദി ഇങ്ങനെ എഴുതിയത്: “ഒരു വശത്ത്, ജ്ഞാനവും മാർഗദർശനവും നിറഞ്ഞ ദൈവികസൂക്തങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. അവൻ അതിൽനിന്ന് പിന്തിരിഞ്ഞുപോകുന്നു. മറുവശത്ത്, തന്റെ സ്വഭാവസംസ്കാരങ്ങളെ നശിപ്പിക്കുന്ന അവിവേകങ്ങളും മൂഢതകളും പണംകൊടുത്തു വാങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു... ...അവൻ യാതൊരു ജ്ഞാനവുമില്ലാതെ ആളുകളെ മാർഗദർശനം ചെയ്യാൻ ധൃഷ്ടനായിരിക്കുന്നു. ദൈവദാസന്മാരെ ദൈവികസരണിയിൽനിന്ന് വ്യതിചലിപ്പിക്കാൻ ശ്രമിക്കുകവഴി എത്ര വലിയ അക്രമമാണ് താൻ ചെയ്യുന്നതെന്ന് അവൻ അറിയുന്നില്ല.”[20]

സംഗീതം എന്ന നിഷിദ്ധമായ കരു ഉപയോഗപ്പെടുത്തിയാണ് പിശാചും അവന്റെ കൂട്ടാളികളും പലപ്പോഴും ദൈവികമാർഗത്തിൽ നിന്ന് ജനങ്ങളെ അശ്രദ്ധയിലാക്കുന്നത്. അതുകൊണ്ടുതന്നെ പിശാചിന്റെ സർവ്വകുതന്ത്രവും നന്നായി അറിയാവുന്ന അല്ലാഹു ഈ മാരകമായ വിപത്തിനെ കുറിച്ച് പരിശുദ്ധ ക്വുർആനിലൂടെ കൃത്യമായ താക്കീതു നൽകി:

وَمِنَ ٱلنَّاسِ مَن يَشۡتَرِي لَهۡوَ ٱلۡحَدِيثِ لِيُضِلَّ عَن سَبِيلِ ٱللَّهِ بِغَيۡرِ عِلۡمٖ وَيَتَّخِذَهَا هُزُوًاۚ أُوْلَٰٓئِكَ لَهُمۡ عَذَابٞ مُّهِينٞ

“ജനങ്ങളിൽ ചിലർ ഇങ്ങനെയുമുണ്ട്. അവർ ഒരു വിവരവുമില്ലാതെ ദൈവികമാർഗത്തിൽനിന്ന് ജനത്തെ വ്യതിചലിപ്പിക്കുന്നതിനും ഈ മാർഗത്തിലേക്കുള്ള പ്രബോധനത്തെ പരിഹസിക്കുന്നതിനും വേണ്ടി വഞ്ചനാത്മകമായ വർത്തമാനങ്ങൾ വിലയ്ക്കു വാങ്ങിക്കൊണ്ടുവരുന്നു. ഇത്തരം ആളുകൾക്ക് അവരെ അത്യധികം നിന്ദിതരാക്കുന്ന ശിക്ഷയത്രെ.”[21]

അല്ലാഹുവിന്റെ ദീനിനോടുള്ള സ്നേഹവും, പൊതുജനങ്ങളോടുള്ള ഗുണകാംക്ഷകൊണ്ടും മുജാഹിദുകൾ മതത്തെ സമഗ്രമായി പരിചയപ്പെടുത്തുമ്പോൾ, വിശേഷിച്ച് പൂർവ്വസൂരികളായ സലഫുകൾ മനസ്സിലാക്കിയ രൂപത്തിൽ അവതരിപ്പിക്കുമ്പോൾ, അതിനെ അക്ഷരപൂജകരും കടുംപിടിത്തക്കാരും സ്കെയിൽ മതത്തിന്റെ വക്താക്കളും മുതശദ്ദിദുകളുമൊക്കെയായി ഈ കൂട്ടർ പരിഹസിക്കുകയാണ്. പ്രമാണമുദ്ധരിച്ചുകൊണ്ട് സലഫികൾ ഉദ്ധരിക്കുന്ന തെളിവുകൾക്കുനേരെയാണ് ഇവരുടെ ഓരോ പരിഹാസ വാക്കുകളും ചെന്നെത്തുന്നത്. അല്ലാഹുവിന്റെ മാർഗത്തിലേക്കുള്ള ഏതു ക്ഷണത്തെയും പരിഹസിക്കുക എന്നത് കുറ്റകരമായ കാര്യമാണ്. പൊതുജന സഹകരണം പ്രതീക്ഷിച്ചും, സലഫിയ്യത്തിലേക്കുള്ള പ്രയാണത്തിന് തടസ്സമാക്കിക്കൊണ്ടും എത്രയെത്ര കലാപരിപാടികളാണ് ഈ കുഞ്ഞാടുകൾ മലയാളികൾക്കിടയിൽ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ മേൽസൂകത്തിതിന് മൗദൂദി നൽകിയ വ്യാഖ്യാന

---

[19] ഉമർ ബ്ൻ അബ്ദിൽ അസീസ് (റഹി), അവലംബം: ഗദാഉൽ അൽബാബ്

[20] സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാള്യം 4, പേജ് 5

[21] ക്വുർആൻ 31: 6, മൗദൂദിയുടെ പരിഭാഷ

ത്തിലെ ഒരു ഭാഗം ഓർക്കുന്നത് നഷ്ടമാകുകയില്ല. അതിങ്ങനെ: "ഈ മാർഗത്തിലേക്കുള്ള പ്രബോധനത്തെ പരിഹസിക്കുന്നതിനുവേണ്ടി എന്നു പറഞ്ഞതിന്റെ താൽപര്യമിതാണ്: അവൻ ആളുകളെ കഥകളിലും ഗാനങ്ങളിലും നിമഗ്നരാക്കി ദൈവികസൂക്തങ്ങളിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. ഖുർആനിക സന്ദേശങ്ങളെ കളിതമാശകൾക്കിടയിൽ മുക്കിക്കളയാനാണ് അവന്റെ ശ്രമം"[22]

മൗദൂദിയുടെ വ്യാഖ്യാനങ്ങളിൽ ഇങ്ങനെയും കൂടി കാണാം: "ഇവിടെ മുഹമ്മദ്(സ) ദൈവികസൂക്തങ്ങൾ കേൾപ്പിക്കാൻ തുടങ്ങിയാൽ അപ്പുറം സൗന്ദര്യവും സ്വരമാധുര്യവുമുള്ള സ്ത്രീകൾ ആടുകയും പാടുകയും ചെയ്യുന്ന സദസ്സുകൾ സംഘടിപ്പിക്കുക. മറ്റൊരിടത്ത് വാക്ചാതുര്യമുള്ളവർ മഹാരാജാക്കന്മാരുടെ ചരിത്രങ്ങളും ഇറാനിലെ പരാക്രമശാലികളുടെ കഥകളും അവതരിപ്പിക്കുന്ന സഭകളുണ്ടാക്കുക. അങ്ങനെ ജനത്തെ ഈ സാംസ്കാരിക വൈകൃതങ്ങളിൽ നിമഗ്നരാക്കി, ദൈവത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും ധർമത്തെക്കുറിച്ചുമൊക്കെ കേൾക്കാനേ കഴിയാത്തവരാക്കുക."[23]

ദീൻ പറയുന്ന വേദികളിൽ നിന്ന് അതിന്റെ ശ്രോതാക്കളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന ആദർശവിരോധികളായ ആളുകളിലും മക്കയിലെ സത്യനിഷേധികളായ ആളുകളുടെ ഈ സ്വഭാവം കടന്നുകൂടിയിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് ജനങ്ങളെ വ്യതിചലിപ്പിക്കുന്നതിനും മതപ്രബോധനത്തെ പരിഹസിക്കുന്നതിനും വേണ്ടി ലഹ്‌വുൽ ഹദീസ് (വഞ്ചനാത്മകമായ വർത്തമാനങ്ങൾ) വിലക്കുവാങ്ങിയവരെകുറിച്ചാണല്ലോ ഈ സംസാരം. അതുകൊണ്ടുതന്നെ എന്താണ് ഈ ലഹ്‌വുൽ ഹദീസ് എന്ന് സാമാന്യം നാം അറിയേണ്ടിയിരിക്കുന്നു. അതിന് സയ്യിദ് മൗദൂദിയുടെ ഈ വരികൾ ഉപകാരപ്പെടാതിരിക്കില്ല. അദ്ദേഹം എഴുതി: "മനുഷ്യമനസ്സിനെ പൂർണമായി കീഴടക്കുകയും മറ്റെല്ലാ കാര്യങ്ങളിൽനിന്നും അവനെ അശ്രദ്ധനാക്കുകയും ചെയ്യുന്ന സംഗതിയാണ് അതുകൊണ്ടുള്ള വിവക്ഷ. ഭാഷാപരമായി നോക്കിയാൽ ഈ വാക്കിൽ ആക്ഷേപധ്വനിയില്ല. എങ്കിലും അനാവശ്യവും മൂഢവുമായ കാര്യങ്ങളെ ഉദ്ദേശിച്ചാണ് അത് സാധാരണയായി ഉപയോഗിക്കാറുള്ളത്. ഉദാ: ചൂതാട്ടം, അനാചാരങ്ങൾ, കെട്ടുകഥകൾ. തരംതാണ ഫലിതങ്ങൾ. 'ലഹ്‌വുൽ ഹദീസ്' വാങ്ങുക എന്നതിന് ഇങ്ങനെയും അർത്ഥം കൊടുക്കാം: ഒരാൾ സത്യവാർത്ത തള്ളിക്കളഞ്ഞ് അസത്യവാർത്ത സ്വീകരിക്കുകയും സന്മാർഗത്തിൽനിന്ന് പിന്തിരിഞ്ഞ് തനിക്ക് ഇഹത്തിലോ പരത്തിലോ യാതൊരു ഗുണവും ചെയ്യാത്ത പാഴ് വേലകളിൽ ഉന്മുഖനാവുകയും ചെയ്യുക. പക്ഷേ, അത് ആലങ്കാരികമായ അർത്ഥമാണ്. തന്റെ പണം ചെലവഴിച്ച് അനാവാശ്യം വാങ്ങിക്കുക എന്നുതന്നെയാണ് യഥാർത്ഥ അർത്ഥം. ഈ വ്യാഖ്യാനത്തിന് ഉപോൽബലകമായി ധാരാളം നിവേദനങ്ങളുണ്ട്... ...ഒരിക്കൽ ഒരാൾ അബ്ദുല്ലാഹിബ്നു മസ്ഊദിനോടു ചോദിച്ചു: ഈ സൂക്തത്തിലെ ലഹ്‌വുൽ ഹദീസിന്റെ താൽപര്യമെന്താണ്? അദ്ദേഹം മൂന്നുവട്ടം അസന്ദിഗ്ധമായി പറഞ്ഞു: 'അല്ലാഹുവാണ, അതിന്റെ താത്പര്യം ഗാനമാണ്.' (ഇബ്നു ജരീർ, ഇബ്നു അബീശൈബ, ഹാകിം, ബൈഹഖി), ഇതുപോലുള്ള അഭിപ്രായങ്ങൾ ഹ: അബ്ദുല്ലാഹിബ്നു അബ്ബാസ്, ജാബിറുബ്നു അബ്ദില്ലാഹ്, മുജാഹിദ്, ഇക്‌രിമ, സഈദുബ്നു ജുബൈർ, ഹസൻ ബസ്വരി, മക്ഹൂൽ എന്നിവരിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇബ്നു ജരീർ, ഇബ്നു അബീഹാതിം, തിർമുദി തുടങ്ങിയവർ അബൂ ഉമാമതുൽ ബാഹിലിയ്യിൽനിന്നും ഉദ്ധരിക്കുന്നു. നബി(സ) പ്രസ്താവിച്ചു: 'ഗായികകളെ വിൽക്കുന്നതും വാങ്ങുന്നതും അവരെ കച്ചവടം ചെയ്യുന്നതും അവരുടെ വിലയും അനുവദനീയമല്ല.' മറ്റൊരു നിവേദനത്തിൽ അവസാന വാക്യം ഇങ്ങനെയാണ് 'അവരുടെ വില ഭുജിക്കുന്നത് നിഷിദ്ധമാകുന്നു.' അബൂ ഉമാമയിൽനിന്നുതന്നെ മറ്റൊരു നിവേദനം ഇങ്ങനെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു: 'അടിമസ്ത്രീകളെ പാട്ടുപഠിപ്പിക്കുന്നതും അവരെ ക്രയവിക്രയം ചെയ്യുന്നതും അനുവദനീയമല്ല. അവരുടെ വില

[22] സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാല്യം 4, പേജ് 5
[23] സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാല്യം 4, പേജ് 5

നിഷിദ്ധമാകുന്നു.' ഈ മൂന്നു ഹദീസുകളിൽ നിന്നും, 'മൻ യശ്തരി ലഹ്‌വൽ ഹദീസി' എന്ന വാക്യം അവതരിച്ചത് അവരെക്കുറിച്ചാണെന്ന് സ്പഷ്ടമാകുന്നുണ്ട്. ഖാളി അബൂബക്കർ ഇബ്നുൽ അറബി തന്റെ അഹ്കാമുൽ ഖുർആനിൽ അബ്ദുല്ലാഹിബ്നു മുബാറക്ക്, ഇമാം മാലിക്ക് എന്നിവരെ അവലംബിച്ച് അനസി(റ)ൽനിന്നും ഉദ്ധരിക്കുന്നു: നബി(സ) പ്രസ്താവിച്ചു: വല്ലവനും ഒരു ഗായികയുടെ സദസ്സിലിരിക്കുകയും അവളുടെ പാട്ട് കേൾക്കുകയും ചെയ്താൽ പുനരുത്ഥാനനാളിൽ അയാളുടെ കാതുകളിൽ ഈയം ഉരുക്കിയൊഴിക്കപ്പെടുന്നതാണ്.' അക്കാലത്ത് ആട്ടത്തിന്റെയും പാട്ടിന്റെയും സംസ്കാരം നൂറുശതമാനം നിലനിന്നിരുന്നത് അടിമസ്ത്രീകൾ മുഖേനയായിരുന്നുവെന്ന വസ്തുതകൂടി ഇവ്വിഷയകമായി അറിഞ്ഞിരിക്കേണ്ടതാണ്."[24]

വിശുദ്ധിയുടെ പകലിലും രാവുകളിലുമായി മീഡിയവൺ എന്ന തിന്മയുടെ മുമ്പിൽ കുത്തിയിരിക്കുന്ന എത്രയാളുകളുണ്ടാകും. നിർബന്ധ നമസ്കാര വേളകളിലും അതുപോലെതന്നെ നന്മയുമായി മുന്നേറേണ്ട ഒട്ടുമിക്ക സമയങ്ങളിലും ഈ ചാനലിന്റെ മുമ്പിൽ സമയം ചിലവഴിക്കുന്ന ആളുകളുടെ കാര്യം മേൽവിശദീകരണങ്ങൾക്ക് ബാധകമല്ല എന്നല്ലല്ലോ. അതുകൊണ്ടുതന്നെ ഈ ലഹ്‌വുൽ ഹദീസ് പ്രചരിപ്പിക്കുന്നവരെ കുറിച്ച് മൗദൂദി പറഞ്ഞ ഗൗരവമുള്ള കാര്യം കൂടുതൽ പ്രസക്തമാവുകയാണ്. അദ്ദേഹം പറഞ്ഞു: "മഹാ ധിക്കാരികൾ എക്കാലത്തും തുടർന്നുവന്നിട്ടുള്ള ഒരു സൂത്രം തന്നെയാണിത്. സാധാരണക്കാരെ കളിതമാശകളുടെയും കഥകളുടെയും സംസ്കാരത്തിൽ മുക്കിക്കളയാൻ ശ്രമിക്കുക. അങ്ങനെ അവരെ ഗൗരവമുള്ള ജീവിതപ്രശ്നങ്ങളെക്കുറിച്ചും തങ്ങൾ മഹാനാശത്തിലേക്ക് തള്ളിവിടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നതിനെക്കുറിച്ചും ഒട്ടും ബോധമില്ലാത്തവരാക്കിത്തീർക്കുക."[25]

ഇസ്‌ലാമിക മര്യാദകൾ പാലിക്കാത്ത മാധ്യമ കുടുംബം, അല്ലാഹു നിഷിദ്ധമാക്കിയ സംഗീതത്തെ ആസ്വദിക്കുകയും അത് സംപ്രേക്ഷണം ചെയ്യുകയും മാത്രമല്ല, തിന്മകളുടെ കൂത്തരങ്ങായ സിനിമ പ്രചരിപ്പിക്കുന്നതിലും മുൻപന്തിയിൽ എത്തിയിരിക്കുകയാണ്. നിങ്ങൾക്കിഷ്ടപ്പെട്ട ഒരു സിനിമയെക്കുറിച്ച് കാരണസഹിതം ഉപന്യസിക്കുക എന്ന് 8-ാം ക്ലാസ്സിലെ മലയാള ചോദ്യക്കടലാസ്സിൽ ഒരു ചോദ്യം വന്നതിനെ, "9-ാം ക്ലാസ്സിലെത്തുമ്പോൾ ഇഷ്ടപ്പെട്ട നടിയെക്കുറിച്ച് ഉപന്യസിക്കാനും കുട്ടിക്ക് 'ഭാഗ്യം' ലഭിക്കും" എന്ന് പരിഹസിച്ച[26] പഴമയെ ഇഖ്‌വാൻ ജമാഅത്തുകാർ ഇപ്പോൾ മറന്ന മട്ടാണ്. ഇന്ന് അതേ പാഠശാലയിൽ നിന്ന് പുറത്ത് വന്നവർ നല്ല നല്ല സിനിമകൾ കാണാൻ പ്രോത്സാഹിപ്പിക്കുകയാണ്, കുട്ടികളോട് തന്നെ അക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ബാലസംഘത്തിന്റെ വ്യക്തിത്വ വികസനത്തിനു വേണ്ടി ഡയറികൾ നിർമ്മിക്കുകയാണ്.[27] ഏത് സൈൻബോർഡ് കണ്ടിട്ടാണ് ജമാഅത്തിന്റെ ഈ യൂ-ടേൺ എന്നത് സുവ്യക്തമാണ്. മൗദൂദി തന്നെ വാനോളം പുകഴ്ത്തിയിട്ടുള്ള ആയുത്തുല്ല ഖുമൈനിയുടെ നടപടിക്രമങ്ങളിൽ വന്ന സ്വാധീനമാണ് അത്. ഇറാനിലെ ഏതാനും സൈനികോദ്യേഗസ്ഥന്മാർ ചേർന്ന് ഒരു 'ദീനി' സിനിമ നിർമ്മിച്ചിരിക്കുന്നു എന്നും ആയത്തുല്ലാ ഖുമൈനി ഈ 'ദീനി' ഫിലിം കാണുകയുണ്ടായി എന്നും അതിന്റെ നിർമ്മാതാക്കളെ പ്രശംസിക്കുകയും തങ്ങളുടെ ശ്രമം തുടരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു എന്നുമൊക്കെ ജമാഅത്തിന്റെ പ്രബോധന താളുകളിൽ സ്ഥാനം പിടിച്ച വാർത്തയായിരുന്നു.[28] അതിനുശേഷം പതിയെ പതിയെ നല്ല സിനിമകൾ കാണാനുള്ള പ്രചോദനം ഇഖ്‌വാനി ജമാഅത്ത് തൂലികാതൊഴിലാളികൾ അവതരിപ്പിക്കുകയുണ്ടായി. "പാശ്ചാത്യനാടുകളിലെ ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ സിനിമയെ ആദർശ പ്രചാരണത്തിനും ബോധവത്കരണത്തിനുമാണ് ഉപയോഗിക്കുന്നത്. അറബ് ലോകത്തും ഇറാനിലും ഇസ്‌ലാമിക ധാർമിക മൂല്യങ്ങളിൽ ഊന്നി ധാരാളം പടങ്ങൾ പുറത്ത്

---

[24] സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാള്യം 4, പേജ് 5-7

[25] സയ്യിദ് മൗദൂദി, തഫ്ഹീമുൽ ഖുർആൻ, ലുഖ്മാൻ 6-ാം സൂക്തം, വാള്യം 4, പേജ് 6

[26] ചോദ്യോത്തരം മുജീബ്, പ്രബോധനം, 1980 നവമ്പർ 29

[27] iChange മലർവാടി 2009-2010 ഡയറി

[28] പ്രബോധനം, 1980 ജൂൺ 28

വന്നുകൊണ്ടിരിക്കുന്നു. ഇതൊന്നും കാണാതെ, കൊടും യാഥാസ്ഥിതികരുടെ ദുശ്ശാഠ്യങ്ങളെ മാത്രം ആധാരമാക്കി ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുകയാണ് ചില മാധ്യമങ്ങൾ ചെയ്യുന്നത്"[29] എന്നു പറഞ്ഞുകൊണ്ടുള്ള ഇറാൻ അഭിനിവേശം അതിന്റെയെല്ലാം തെളിവാണ്. അതിന്റെ ഭാഗമായിട്ടാണ്: റേഡിയോവിൽ നിന്നു വീഡിയോയിലേക്ക് മാറിയിരിക്കുന്ന, സിനിമ കാണാനുള്ള താൽപര്യം തടുത്തുനിർത്താൻ സാധ്യമല്ലാതായിരിക്കുന്ന ഈ കാലഘട്ടത്തിൽ വിജ്ഞാനപ്രദമായ സിനിമ കാണുന്നതിനെക്കുറിച്ച് മുജീബിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ, ഇവർ ഇപ്രകാരം എഴുതിയത്: "ഒരു കാര്യം ഗുണത്തേക്കാളേറെ ദോഷകരമാണെങ്കിൽ അതുപേക്ഷിക്കേണ്ടതാണ് എന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. ഈയടിസ്ഥാനത്തിൽ, ഇന്നു പ്രദർശിപ്പിക്കപ്പെടുന്ന സിനിമകളിൽ ഒട്ടുമുക്കാലും പ്രേക്ഷകരിൽ സദ്‌വിചാരങ്ങളല്ല വളർത്തുന്നതെന്ന് അനുഭവം തെളിയിച്ചിരിക്കെ അവയ്ക്കു വേണ്ടി സമയവും പണവും കളയുന്നതിൽ നീതീകരണമില്ല. നിർദോഷവും പഠനാർഹവുമായ ചലചിത്രങ്ങളെ മാത്രം ഇതിൽനിന്ന് ഒഴിച്ചുനിർത്താം."[30]

യുവാക്കളെ വഴിതെറ്റിക്കുന്ന ലൈംഗികാകർഷണമുള്ള സിനിമകളും, ഇളം മനസ്സുകളിൽ കുത്തിവെക്കാൻ ഉപകരിക്കുന്ന ഹിംസാത്മകമായ രംഗങ്ങളും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മറപിടിച്ചുകൊണ്ട് സിനിമാ വ്യവസായ രംഗത്ത് അരങ്ങ് തകർക്കുമ്പോൾ, നിർദോഷവും പഠനാർഹവുമായ സിനിമകളെ ഒഴിച്ചുനിർത്താനുള്ള മാനദണ്ഡമെന്താണ്? ഇതിന് തെളിഞ്ഞൊരു മറുപടി പറയാൻ സാധിക്കാത്തതിനാലാണ് ഒഴുക്കൻ മട്ടിൽ പുളഞ്ഞുമാറി ഈ രൂപത്തിൽ അഴുകുഴമ്പൻ മറുപടി പറഞ്ഞത്: "ഇസ്‌ലാമിക രീതിയിൽ സിനിമ എങ്ങനെ നിർമിക്കാമെന്ന് ഈ മറുപടിയിലൂടെ വിവരിക്കുക എളുപ്പമല്ല. അവസരം ലഭിച്ചാൽ അത്തരമൊരു പടം കാണുകയാണ് സംശയനിവൃത്തിക്ക് പരിഹാരം." [31] സദാചാരപരമായ ഒരു മറുപടിയല്ല ഇവയൊന്നും എന്ന് സ്പഷ്ടമാണ്.

ജനഹൃദയങ്ങളിലേക്ക് ഒരാശയം സന്നിവേശിപ്പിക്കാനുള്ള ശക്തമായ ഉപാധിയാണ് സിനിമ എന്ന് മനസ്സിലാക്കിയാൽ, അതിന്റെ ഉപയോഗം എങ്ങനെയായിരിക്കണം എന്ന് ഇസ്‌ലാമികമായി വിലയിരുത്താൻ അടിസ്ഥാന പ്രമാണം തന്നെ വേണം. അത് പഠിച്ചറിഞ്ഞവരാണ് സിനിമ എന്ന കലയെ അതിന്റെ തുടക്കം മുതലെ എതിർത്തിട്ടുള്ളത്. പ്രസ്തുത നിരോധനം ഉൾകൊള്ളാൻ കഴിയാതെ ആകുമ്പോഴാണ് 'സിനിമാലഹരിയിൽ' മതിമറന്നവർക്ക് ഈ രൂപത്തിൽ കണ്ണടച്ച് ആക്രോശിക്കേണ്ടി വരുന്നത്: "ശക്തവും ജനകീയവുമായ മാധ്യമങ്ങളിലൊന്നാണ് സിനിമ. മറ്റേത് മാധ്യമത്തെയും പോലെ അതും, നന്മക്കും തിന്മക്കും പ്രയോജനപ്പെടുത്താം. പ്രയോജനപ്പെടുത്തുന്നുണ്ട്. നാനാ വിജ്ഞാനശാഖകളുടെ വികസനത്തിനും പ്രചാരണത്തിനും ഉപയോഗപ്പെടുന്ന സിനിമ ഇന്ന് ഏറെ ഫലപ്രദമായ വിദ്യാഭ്യാസ ഉപാധിയാണ്. ഒരു മാധ്യമമെന്ന നിലയിൽ സിനിമ നിഷിദ്ധമോ അനഭിലഷണീയമോ ആണെന്ന് ഇസ്‌ലാമിനെക്കുറിച്ച് അറിവും ബോധവുമുള്ളവരാരും പറയില്ല. സ്വന്തം അജ്ഞതക്കും മുരടത്തത്തിനും മതത്തെ മറയാക്കുന്ന പുരോഹിതരും അവരെ അന്ധമായി അനുകരിക്കുന്ന കുഞ്ഞാടുകളും എല്ലാം ഹറാമാക്കുന്ന കൂട്ടത്തിൽ സിനിമയും ഹറാമാക്കുന്നുണ്ടാവും."[32]

ചലചിത്ര കലയും ഇസ്‌ലാമിൽ അതിനുള്ള സ്ഥാനവും വ്യക്തമായി മനസ്സിലാക്കിയ പണ്ഡിതർ, പ്രമാണബദ്ധമായി സംസാരിക്കുമ്പോൾ, അതിന്റെ സ്വീകാര്യത എത്രത്തോളം എന്നുള്ളതാണല്ലോ പ്രഥമമായി ബുദ്ധിയുള്ളവർ പരിശോധിക്കുക. അതല്ലാതെ സിനിമക്ക് ഇസ്‌ലാമിൽ സ്ഥാനമില്ല എന്ന് പറഞ്ഞ പണ്ഡിതരെ സ്വന്തം അജ്ഞതക്കും മുരടത്തത്തിനും മതത്തെ മറയാക്കുന്നവർ എന്ന് ആക്ഷേപിക്കുന്നതും, പ്രസ്തുത പണ്ഡിതാഭിപ്രായങ്ങളെ പ്രമാണടിത്തറയിൽ പരിശോധിച്ച് അതിനെ ശരി വെക്കുന്ന ദീനിസ്നേഹികളെ, പണ്ഡിതരെ അന്ധമായി അനുകരിക്കുന്നവരെന്ന്

[29] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ്: 261
[30] ചോദ്യോത്തരം മുജീബ്, പ്രബോധനം, 1986 ജനുവരി 11
[31] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ്: 261
[32] ഒ. അബ്ദുറഹ്മാൻ, ഇസ്‌ലാം ഇസ്‌ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ്: 261

അധിക്ഷേപിക്കുന്നതിലും എന്ത് ന്യായമാണ് ഉള്ളത്? ഈ രൂപത്തിൽ അടച്ചാക്ഷേപിച്ച് തൂലികയാൽ സംസാരിച്ച വ്യക്തിതന്നെ ഇതിന് മുമ്പ് സിനിമയുടെ നിരർത്ഥകത മലയാളക്കരയിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. ഫിലിമിനെ ഇസ്‌ലാമിക താത്പര്യങ്ങൾക്കും പ്രയോജനപ്രദമായ ഉദ്ദേശ്യങ്ങൾക്കുമായി വിനിയോഗിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ട് ഇവരുടെ സയ്യിദിന് കിട്ടിയ ചോദ്യവും അതിന്റെ മറുപടിയുമാണ് പ്രസ്തുത ഭാഗങ്ങൾ. ദാ അതിങ്ങനെ:

"അശ്ലീലങ്ങളിൽ നിന്നും ലൈംഗികപ്രേരകങ്ങളിൽനിന്നും കുറ്റങ്ങൾ അഭ്യസിപ്പിക്കുന്നതിൽ നിന്നും പരിശുദ്ധമായി, നന്മ പഠിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ള ചരിത്രപരവും സാമൂഹികവും ധാർമികവും സംസ്കരണക്ഷമവുമായ ഫിലിം നിർമ്മിക്കുന്നതിൽ പ്രത്യക്ഷത്തിൽ ദൂഷ്യമൊന്നുമില്ല. പക്ഷേ, സൂക്ഷ്മമായി ചിന്തിക്കുന്ന പക്ഷം പ്രതിവിധിയില്ലാത്ത രണ്ടു വലിയ ദൂഷ്യങ്ങൾ അതിൽ അന്തർഭവിച്ചതായി കാണാം: ഒന്നാമതായി, സ്ത്രീക്ക് യാതൊരു പാർട്ടുമില്ലാത്ത സാമൂഹ്യ ചിത്രങ്ങൾ നിർമിക്കുക തികച്ചും ദുഷ്കരമാണ്. സ്ത്രീയുടെ പാർട്ട് വേണമെന്നു വന്നാൽ അതിന് രണ്ടു രൂപങ്ങളേയുള്ളൂ: ഒന്നുകിൽ സ്ത്രീതന്നെ നടിയായി വരിക; അല്ലെങ്കിൽ സ്ത്രീയുടെ ഭാഗം പുരുഷൻ അഭിനയിക്കുക. ഈ രണ്ടു രൂപങ്ങളും ശർഇൽ അനുവദനീയമല്ല. രണ്ടാമതായി, അഭിനയമില്ലാതെ ഒരു സാമൂഹ്യചിത്രവും നിർമിക്കാൻ കഴിയില്ല. ആക്ടിംഗിലുള്ള ഒരു വലിയ ധാർമികദൂഷ്യം, അഭിനേതാക്കൾ അനുദിനം വിവിധ ഭാവങ്ങളും പാർട്ടുകളും അനുകരിച്ചനുകരിച്ച് അവസാനം തന്റെ സ്വന്തമായ കാരക്ടർ, മുഴുവനുമല്ലെങ്കിൽ വലിയൊരളവോളമെങ്കിലും, കളഞ്ഞുകുളിക്കുന്നുവെന്നതാണ്. ഇങ്ങനെ, നാം ചലചിത്ര കഥകളെ സമൂഹത്തിന്റെ സംസ്കരണത്തിനും ഇസ്‌ലാമിക തത്ത്വങ്ങളുടെ പഠന പ്രചാരണ ങ്ങൾക്കുമായിത്തന്നെ ഉപയോഗപ്പെടുത്താൻ ഒരുങ്ങിയാലും അഭിനേതാവാകുകവഴി സ്വന്തം കാരക്ടർ നഷ്ടപ്പെടുത്തുന്ന, മറ്റൊരു ഭാഷയിൽ, വ്യക്തിത്വത്തെ ബലികഴിക്കുന്ന ചിലയാളുകളെ നമുക്ക് അതിനുവേണ്ടി തയ്യാറാക്കേണ്ടിവരും. സമൂഹത്തിന്റെ നന്മക്കു വേണ്ടിയോ മറ്റെന്തെങ്കിലും ലക്ഷ്യത്തിനു വേണ്ടിയോ-ആ ലക്ഷ്യം എത്രതന്നെ പരിശുദ്ധവും ഉന്നതവു മാകട്ടെ- ഒരാളോട് തന്റെ വ്യക്തിത്വം ബലികഴിക്കണമെന്ന് ആവശ്യപ്പെടാൻ എങ്ങനെ കഴിയുമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ജീവൻ, ധനം, സുഖം, വിശ്രമം തുടങ്ങിയതെല്ലാം ബലികഴിക്കാം; ഉന്നത ലക്ഷ്യങ്ങൾക്കായി അവയൊക്കെ ബലികഴിക്കുകയും വേണം. പക്ഷേ, ദൈവംപോലും ആവശ്യപ്പെടാത്ത ഒന്നാണ് വ്യക്തിത്വം ബലികഴിക്കൽ. എങ്കിൽ മറ്റുള്ളവർ അതിന് ആവശ്യപ്പെടുന്ന പ്രശ്നംതന്നെ എവിടെ? ഈ കാരണങ്ങളാൽ എന്റെ അഭിപ്രായത്തിൽ സിനിമ എന്ന ശക്തിയെ ഫിലിം-ഡ്രാമകൾക്കുവേണ്ടി (അഭിനയമുള്ള ചിത്രങ്ങൾക്കുവേണ്ടി) ഉപയോഗിക്കാൻ സാധ്യതയില്ല. അപ്പോൾ, സിനിമയെ മറ്റെന്തിനുപയോഗിക്കാം എന്ന ചോദ്യം ഉദ്ഭവിക്കുന്നു. ഡ്രാമയല്ലാത്തതും എന്നാൽ ഡ്രാമയേക്കാൾ ഫലപ്രദവുമായ ധാരാളം കാര്യങ്ങൾ സ്ക്രീനിൽ പ്രദർശിപ്പിക്കാൻ കഴിയുമെന്നാണ് എനിക്ക് നൽകാനുള്ള മറുപടി."[33]

ഐ.പി.എച്ച് പുറത്തിറക്കിയ ചോദ്യോത്തരം എന്ന ഗ്രന്ഥത്തിൽ നിന്നുള്ളതാണ് ഉപരിസൂചിത വരികൾ. മൗദൂദിയുടെ സ്വന്തം പത്രമായ തർജമാനുൽ ക്വുർആനിൽ വായനക്കാരുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടികൾ ക്രോഡീകരിച്ച, പിന്നീടത് റസാഇൽ വ മസാഇൽ എന്ന പേരിൽ വിവിധ ഭാഗങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട ഉർദു മൂലത്തിൽ നിന്നും തെരഞ്ഞെടുത്ത് സമാഹരിച്ചതാണ് മലയാളവിവർത്തനമായ ഈ ഗ്രന്ഥം. 'ഓരോ പ്രശ്നത്തിന്റെയും അപഗ്രഥനത്തിൽ ഗ്രന്ഥകർത്താവിന്റെ സൂക്ഷ്മാവലോകനപാടവവും നിരീക്ഷണപടുത്വവും തെളിഞ്ഞുകാണാം. സാധാരണക്കാർക്കും പണ്ഡിതന്മാർക്കും ഒരുപോലെ പ്രയോജനപ്രദമാണ് ഈ ഗ്രന്ഥം' എന്ന പുസ്തകത്തിന്റെ പുറംചട്ടയിലെ കീർത്തി അതിന്റെ അച്ചടിച്ച വിലക്ക് മുകളിലായി എടുത്തുകണിച്ചിരിക്കുന്നത് ഇവരുടെ വിപണനതന്ത്രം മാത്രം. ഏതായാലും അതിന്റെ വിവർത്തകരിൽ ഒരാളായ ഒ. അബ്ദുറഹ്മാൻ എന്ന വ്യക്തിക്ക് അതിലെ സിനിമയുമായി ബന്ധപ്പെട്ട സൂക്ഷ്മാവലോകനം എന്നിട്ടും ഉപകാരപ്പെട്ടില്ല. സ്വന്തം അജ്ഞതക്കും മുരടത്തത്തിനും മതത്തെ മറയാക്കുന്നവരാണ് ഈ രൂപത്തിലെല്ലാം സിനിമയെ കുറിച്ച് പറയുക എന്നതാണ് ടിയാന്റെ സിനിമാശാസ്ത്രം.

---

[33] സയ്യിദ് മൗദൂദി, ചോദ്യോത്തരം പേജ് 144-145

ലോകം മുഴുവൻ സിനിമാ മയമാണ്. അത് ജമാഅത്തെ ഇസ്‌ലാമിയെയും പിടികൂടിയിരിക്കുന്നു. മീഡിയവണ്ണിലൂടെ ശരിക്കും ഈ സിനിമാ ഭ്രാന്ത് ഞമ്മന്റെ ചാനൽ എന്ന മാർഗ്ഗേണ ജനങ്ങളിലേക്ക് എത്തിക്കുന്നുണ്ട്. "നന്മയുടെ പ്രകാശം പരത്തുന്ന ഒരു മനുഷ്യന്റെ കഥ" എന്ന രൂപത്തിലൊക്കെയുള്ള അതിന്റെ ടെലിഫിലിം പരസ്യം പരമ്പരകളായി വിശ്വാസികളെ വെട്ടിലാക്കാനുള്ള കുടില തന്ത്രം മാത്രമാണ്. ജമാഅത്തിന്റെ ഈ സിനമാമയം നേരിൽ കാണാൻ ഇന്റർനെറ്റിലൂടെ മാധ്യമപത്രം ഒന്ന് സന്ദർശിച്ചാൽ മതിയാകുന്നതാണ്. ഇതെല്ലാം ഒരു ചർച്ചയുമില്ലാതെ, പൊടുന്നനെ ഒരു ദിവസം ഉത്ഭവിച്ചതല്ല. ജമാഅത്തിനുള്ളിൽ സിനിമയെ ക്രിയാത്മകമായി അവതരിപ്പിക്കുന്നതിനെകുറിച്ച് കാലേകൂട്ടി ചർച്ച ചെയ്ത് തീരുമാനമായതിന്റെ റിസൾട്ടുകൾ തന്നെയാണ്. ഇവരുടെതന്നെ വരികൾ വ്യക്തമാക്കുന്നതും അതാണ്: "സിനിമ പ്രചാരണത്തിന്റെയും ബോധവത്കരണത്തിന്റെയും ശക്തമായ മാധ്യമങ്ങളിലൊന്നാണ്. അത് ക്രിയാത്മകവും ധാർമികവുമായി പ്രയോജനപ്പെടുത്തണമെന്നാണ് ജമാഅത്തെ ഇസ്‌ലാമിയുടെ കാഴ്ചപ്പാട്. പക്ഷേ, സിനിമയെ സംസ്കരണപരമായി പ്രയോജനപ്പെടുത്താൻ പരിമിതികൾമൂലം ജമാഅത്തെ ഇസ്‌ലാമിക്ക് സാധിച്ചിട്ടില്ല. ആ വഴിക്ക് ചിന്തകൾ നടക്കുന്നു എന്നേ പറയാനാവൂ. നിലവിലെ ദുഷിച്ച സിനിമകൾക്കെതിരെ ജമാഅത്ത് ബോധവൽക്കരണം നടത്തുന്നുണ്ട്, പ്രത്യേകിച്ച് വിദ്യഭ്യാസ സ്ഥാപനങ്ങളിൽ. വിപരീതദിശയിലെ ശക്തമായ ഒഴുക്ക് കാരണം അതൊന്നും ശ്രദ്ധേയമാവുന്നില്ലെന്ന് മാത്രം. പത്രങ്ങളും ടി.വി.യും ചുമരുകളുമാകെ സിനിമാമയം. രണ്ടാൾകൂടിയാൽ വർത്തമാനവും അതുതന്നെ. സർക്കാറിന്റെ പൂർണ പ്രോത്സാഹനവും സിനിമയ്ക്ക് ലഭിക്കുന്നു. ഇതിന്നെതിരായ പോരാട്ടം ജനശ്രദ്ധയാകർഷിക്കുക എളുപ്പമല്ല. ഇന്നത്തെ സിനിമകളാകെ അധാർമികമാണെന്ന കാഴ്ചപ്പാടും അതിരു കവിഞ്ഞതാണ്. പഠനാർഹമോ നിർദോഷമോ ആയ പടങ്ങളും ഇടയ്ക്കൊക്കെ പുറത്തിറങ്ങാറുണ്ട്. അധികവും ദ്രോഹകരങ്ങളാണെന്നതാണ് ശരി. അതിനാലാണ് ജമാഅത്ത് നിയന്ത്രണത്തിലുള്ള മാധ്യമങ്ങൾ സിനിമാ പരസ്യങ്ങൾ നിരാകരിക്കുന്നത്."[34]

സിനിമാരംഗത്തെ പോളിസിമാറ്റത്തിന് മുമ്പുള്ള ജമാഅത്തിന്റെ അവസ്ഥയാണ് മുകളിലെ അവസാനത്തെ അറിയിപ്പ്. മറ്റേതൊരു വിഷയത്തെപോലെ സിനിമയും സംഗീതവും രൂപവും ചിത്രവുമെല്ലാം, ഇവർക്ക് കേവലം ശൂറകൂടി മാറ്റാൻ മാത്രം വഴങ്ങുന്നതാണ്. ഒരു കാലത്ത് കല്യാണ വീടുകളിൽ വീഡിയോ എടുക്കുന്നത് പരിഷ്കൃതമായ സമ്പ്രദായമായിരുന്നു. ഇസ്‌ലാമിക രീതിയിൽ വസ്ത്രധാരണം ചെയ്യാത്ത സ്ത്രീകൾ കല്യാണങ്ങളിൽ പങ്കെടുക്കന്നതുകൊണ്ട് അവരെയും അണിയറ സദസ്സുകളെയുമൊക്കെ ക്യാമറയിൽ പകർത്തി പരപുരുഷൻമാരുടെ ആസ്വാദനത്തിന് വിടുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. ആയതിനാലാണ് ഇസ്‌ലാമിക പ്രവർത്തകർ പൊതുവേ വീഡിയോ കല്യാണത്തെ എതിർക്കുന്നത് എന്ന് വീഡിയോ എടുക്കലിനെ നിരാകരിച്ചുകൊണ്ട് ഒ. അബ്ദുർഹ്മാൻ എഴുതിയിട്ടുണ്ട്.[35] 'നാടോടുമ്പോൾ നടുവെ ഓടുക എന്ന കീഴ്‌വഴക്കം ഉപേക്ഷിക്കാൻ പ്രസ്ഥാന ബന്ധുക്കളെങ്കിലും ധൈര്യം കാട്ടണം' എന്ന ശക്തമായ ആഹ്വാനവും ഇതേ വ്യക്തി തുടർന്ന് അതേ ഉദ്ധരണിയിൽ ഉൾപ്പെടുത്തിയിരുന്നു. ലോകാനുരൂപമായ മാറ്റങ്ങൾക്ക് മുമ്പും പിമ്പും നോക്കാതെ നടുവെ ഓടുന്ന ശീലം ഇന്ന് ഇതേ ആളുകൾ കൂടുതൽ ഉത്സാഹത്തോടെ കാണിക്കുമ്പോൾ പരിതപിക്കാതെ വയ്യ. ഈ ആളുകൾ ഇന്ന് മീഡിയാവൺ എന്ന് ചാനലിന്റെ രൂപത്തിലാണ് നടുവെ ഓടിക്കൊണ്ടിരിക്കുന്നത്!

അർദ്ധനഗ്നകളായ സ്ത്രീകളെ ഉൾകൊള്ളിച്ചുകൊണ്ടുള്ള, നിറപ്പകിട്ടുകളും താളമേളങ്ങളും മതിയാകുവോളം ആസ്വദിക്കുവാനായി ദീനിന്റെ പേരിൽ പണം പിരിച്ച് ഈ തിന്മകൾ പ്രക്ഷേപണം ചെയ്യുമ്പോൾ എന്തേ മുകളിൽ വിവരിച്ച മാനദണ്ഡങ്ങളൊക്കെ ജമാഅത്ത് സുഹൃത്തുക്കൾ മറന്നുപോയത്. ഇനി ആരാന്റെ കുടുംബത്തിലെ സ്ത്രീകളെ ആസ്വദിക്കുവാൻ

[34] ഒ. അബ്ദുറഹ് മാൻ, ഇസ്ലാം ഇസ്ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ്: 441
[35] ഒ. അബ്ദുറഹ് മാൻ, ഇസ്ലാം ഇസ്ലാമിക പ്രസ്ഥാനം: ചോദ്യങ്ങൾക്ക് മറുപടി, പേജ്: 243

പരപുരുശൻമാരെ അനുവദിക്കാൻ ഉതകുന്ന രൂപത്തിൽ ഇറാനിലെ ആയത്തുല്ലാമാരിൽനിന്നും വല്ല ഫത്വയും അവതരിച്ചതാകുമോ ഈ മാറ്റത്തിന്റെയെല്ലാം പ്രേരകം.

തിന്മ കൂടിയ മീഡിയവൺ ചുമന്നു നടക്കുന്ന ചങ്ങാതിമാരെ, മനുഷ്യരെ വഴിപിഴപ്പിക്കുന്ന ചിലയാളുകളെ കുറിച്ച് അല്ലാഹു പറയുന്ന ഈ സൂക്തം നിങ്ങൾ സഗൗരവം പരിഗണിക്കണം.

وَلَيَحۡمِلُنَّ أَثۡقَالَهُمۡ وَأَثۡقَالٗا مَّعَ أَثۡقَالِهِمۡۖ وَلَيُسۡـَٔلُنَّ يَوۡمَ ٱلۡقِيَٰمَةِ عَمَّا كَانُواْ يَفۡتَرُونَ

“തങ്ങളുടെ പാപഭാരങ്ങളും സ്വന്തം പാപഭാരങ്ങളോടൊപ്പം വെറെയും പാപഭാരങ്ങളും അവർ വഹിക്കേണ്ടിവരും. അവർ കെട്ടിച്ചമച്ചിരുന്നതിനെപ്പറ്റി ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.”[36]

മേൽസൂക്തത്തിന് പണ്ഡിതോചിതവും കണ്ണ് തുറപ്പിക്കാനുതകുന്നതുമായ ഒരു വിശദീകരണം മലയാളക്കരയിൽ അമാനി മൗലവി(റഹി) നൽകുകയുണ്ടായി. അതിവിടെ കുറിച്ചിട്ടുക്കൊണ്ട് ഈ ലേഖനം അവസാനിപ്പിക്കുകയാണ്. അദ്ദേഹം എഴുതി: “മറ്റുള്ളവരെ സൽപന്ഥാവിൽനിന്നു തെറ്റിച്ചു കളയുവാൻ വേണ്ടി വക്രബുദ്ധികളാൽ അനുവർത്തിക്കപ്പെടുന്ന വിവിധ നയങ്ങളിൽപെട്ട ഒന്നാണ് ഇതും. തങ്ങളെപ്പോലെ എല്ലാവരും വഴിപിഴച്ചു കാണണമെന്നാഗ്രഹിക്കുക ദുർജ്ജനങ്ങളുടെ സ്വഭാവമാണ്. മതഭക്തിയില്ലാത്ത മുസ്ലിം നാമധാരികളായ ചിലയാളുകൾ, അൽപജ്ഞരും ശുദ്ധഗതിക്കാരുമായ ആളുകളോടും ഈ നയം ഉപയോഗിക്കാറുണ്ട്. യഥാർത്ഥത്തിൽ ഇസ്ലാം വിരോധിച്ചതും, തങ്ങളുടെ യുക്തിന്യായങ്ങൾക്കു യോജിക്കാത്തതുമായ ചില കാര്യങ്ങളെ സാധാരണക്കാരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻവേണ്ടി, അതൊന്നും മതദൃഷ്ട്യാ വിരോധമില്ലാത്തതാണെന്നും, അതു അംഗീകരിച്ചതുകൊണ്ടുണ്ടാകുന്ന കുറ്റം തങ്ങൾ ഏറ്റുകൊള്ളാമെന്നും പറഞ്ഞ് അവർ പൊതുജനങ്ങളെ ധൈര്യപ്പെടുത്തുന്നതു കാണാം. അങ്ങനെയുള്ളവർക്കും ഈ വചനങ്ങളിൽ താക്കീതുണ്ട്. എന്നാൽ, ഓരോരുത്തന്റെയും കുറ്റം അവൻതന്നെ വഹിക്കണമെന്നും, ഒരാൾ ചെയ്ത കുറ്റത്തിനു വേറൊരാൾ ശിക്ഷിക്കപ്പെടുകയില്ലെന്നും ഉള്ളത് അല്ലാഹുവിന്റെ ഉറച്ച നിയമമത്രെ. എന്നാൽ, സ്വയം ദുർമാർഗത്തിൽ പതിക്കുകയും, മറ്റുള്ളവരെക്കൂടി വഴി പിഴപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഇവർ കൂടുതൽ കുറ്റഭാരം വഹിക്കേണ്ടിവരുന്നതുമാകുന്നു. കാരണം, മറ്റുള്ളവരെ വഴിപിഴപ്പിക്കുവാൻ പരിശ്രമം നടത്തിയതിന്റെ പേരിലും, ദുർമാർഗത്തിനുവേണ്ടി പ്രചാരം ചെയ്തതിന്റെ പേരിലും, അതിനായി കളവു കെട്ടിച്ചമച്ചതിന്റെ പേരിലും ഇവർ ശിക്ഷാർഹരാകുന്നു. ‘തങ്ങളുടെ ഭാരങ്ങളോടൊപ്പം വേറെയും കുറെ ഭാരങ്ങൾ അവർ വഹിക്കേണ്ടിവരും’ എന്നു പറഞ്ഞത് അതുകൊണ്ടാണ്. നബി(സ) പറയുന്നത് കാണുക: ‘ഒരാൾ ഒരു സന്മാർഗത്തിലേക്കു ക്ഷണിക്കുന്നപക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന പ്രതിഫലം പോലെയുള്ള പ്രതിഫലം അവന്നുണ്ടായിരിക്കുന്നതാണ്. അവരുടെ പ്രതിഫലങ്ങളിൽ അതു യാതൊരു കുറവും വരുത്തുന്നതല്ല. ഒരാൾ ദുർമാർഗത്തിലേക്കു ക്ഷണിക്കുന്നപക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന കുറ്റം പോലെയുള്ള കുറ്റവും അവന്നുണ്ടായിരിക്കും. അവരുടെ കുറ്റങ്ങളിൽ അതു യാതൊരു കുറവും വരുത്തുകയുമില്ല. (മു.) ചില ‘രിവായത്തു’കളിൽ ‘ഖിയാമത്തുനാൾ വരെ അവനെ പിൻപറ്റുന്നവരുടെ’ എന്നാണുള്ളത്’.”[37]

o

[36] ഖുർആൻ 29:13

[37] അമാനി മൗലവി(റഹി)യുടെ തഫ്സീർ, സൂറഃ അങ്കബൂത്ത് 13-ാം സൂക്തത്തിന്റെ വ്യാഖ്യാനം